# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 മേയ് 23 | ദീപം 57 | നാളം 11 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും

**അമ്പത്തിയെട്ടാമത് ആഗോളമാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പാ നല്കിയ സന്ദേശത്തിൽനിന്ന്:**

**ലോ**കസമാധാനദിനത്തോടനുബന്ധിച്ച് നിർമിതബുദ്ധിയെക്കുറിച്ചും അതിന്റെ സംവിധാനങ്ങളുടെ വികാസത്തെക്കുറിച്ചും ഒരു സന്ദേശം ഞാൻ നല്കിയിരുന്നു. അറിവിന്റെയും ആശയവിനിമയത്തിന്റെയും മേഖലയെ സമൂലമായി ബാധിക്കുന്ന സങ്കേതമാണത്. ഇത് സാമൂഹികജീവിതത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ സ്വാധീനിക്കാൻ പോന്നതാണ്. ഈ മേഖലയിലെ വിദഗ്ധരെ മാത്രമല്ല ഈ മാറ്റങ്ങൾ ബാധിക്കുക; പ്രത്യുത, നാം ഓരോരുത്തരെയുമത്രേ. അദ്ഭുതകരമായ ഈ നൂതനാവിഷ്കാരങ്ങളുടെ ത്വരിതഗതിയിലുള്ള വ്യാപനവും അവയുടെ പ്രവർത്തനശൈലിയും സാധ്യതകളും സമഗ്രമായി മനസ്സിലാക്കാനും അംഗീകരിച്ചാസ്വദിക്കാനുമുള്ള കഴിവ് നമ്മിൽ ഭൂരിഭാഗം ആളുകൾക്കും ഇല്ല. ഒരേസമയം അത് അതിശയിപ്പിക്കുന്നതും വഴിതെറ്റിക്കുന്നതുമത്രേ! മനുഷ്യസ്വഭാവത്തെക്കുറിച്ചും മനുഷ്യന്റെ അനന്യതയെക്കുറിച്ചും മനുഷ്യകുലത്തിന്റെ ഭാവിയെക്കുറിച്ചും ആഴത്തിലുള്ള ചില ചോദ്യങ്ങൾ, സ്വാഭാവികമായും ഉന്നയിക്കാൻ നിർമിതബുദ്ധിയുടെ ഇക്കാലം നമ്മെ പ്രേരിപ്പിക്കുന്നുണ്ട്.

**ആരംഭം ഹൃദയത്തിൽനിന്നാകട്ടെ!**

ഒരു നൂറ്റാണ്ടിനുമുമ്പ്, റൊമാനോ ഗ്വർദീനി (Romano Guardini) സാങ്കേതികവിദ്യയെക്കുറിച്ചും മനുഷ്യകുലത്തെക്കുറിച്ചും വിചിന്തനം നടത്തി. 'അപ്രത്യക്ഷമാകാൻ വിധിക്കപ്പെട്ട മനോഹരമായ ഒരു ലോകത്തെ പരിരക്ഷിക്കാനുള്ള ഉദ്യമത്തിൽ നവമായതിനെ തിരസ്കരിക്കരുത്' എന്നായിരുന്നു ഗ്വർദീനി നമ്മോടാഹ്വാനം ചെയ്തത്. അതേസമയം, പ്രവാചകധീരതയോടെ അദ്ദേഹം നല്കുന്ന മുന്നറിയിപ്പ് ഏറെ ശ്രദ്ധേയമത്രേ! 'നാം ആയിരിക്കുന്നത് നിരന്തരം ആയിത്തീരാനുള്ള പ്രക്രിയയിലാണ്' (We are constantly in the process of becoming). ഓരോ വ്യക്തിയും തങ്ങളുടേതായ രീതിയിൽ തുറന്ന മനസ്സോടും, മനുഷ്യത്വരഹിതവും നശീകരണസ്വഭാവവുമുള്ള സകലതിനെയുംകുറിച്ചുള്ള തികഞ്ഞ സംവേദനക്ഷമതയോടും ഈ പ്രക്രിയയിലേക്കു പ്രവേശിക്കേണ്ടതുണ്ട്.

ചരിത്രത്തിലെ ഈ നിർണായകഘട്ടത്തിൽ, സാങ്കേതികവിദ്യയിൽ സമ്പന്നരായിരിക്കുമ്പോൾത്തന്നെ മനുഷ്യത്വത്തിൽ ദരിദ്രരായിരിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. അപ്പോൾ നമ്മുടെ പരിചിന്തനങ്ങൾ ആരംഭിക്കേണ്ടത് മനുഷ്യഹൃദയത്തിൽനിന്നുതന്നെയാകണം. സത്യദർശനത്തിൽ ഒരു ആത്മീയവീക്ഷണം സ്വീകരിക്കുന്നതിലൂടെ, ഹൃദയജ്ഞാനം വീണ്ടെടുക്കുന്നതിലൂടെ മാത്രമേ നമ്മുടെ കാലഘട്ടത്തിന്റെ നൂതനത്വത്തെ അഭിമുഖീകരിക്കാനും വ്യാഖ്യാനിക്കാനും സാധ്യമാവൂ! സമ്പൂർണമായ ആശയവിനിമയവും അങ്ങനെമാത്രമേ സാക്ഷാത്കരിക്കാനാവൂ. ബൈബിളിൽ സ്വാതന്ത്ര്യത്തിന്റെയും തീരുമാനങ്ങളെടുക്കുന്നതിന്റെയും ഇടമായിക്കാണുന്നത് ഹൃദയത്തെയത്രേ! അത് പ്രതീകവത്കരിക്കുന്നത് ഉദ്ഗ്രഥനവും ഐക്യവുമാണ്. അതേസമയം, അത് നമ്മുടെ വികാരവിചാരങ്ങളെയും സ്വപ്നങ്ങളെയും ഉൾക്കൊള്ളുന്നുമുണ്ട്. സർവോപരി, ദൈവവുമായി കണ്ടുമുട്ടുന്ന ഒരു ആന്തരികതലംകൂടി അതിനുണ്ട്. ഹൃദയജ്ഞാനം സാകല്യത്തെ അതിന്റെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നതിനുള്ള സവിശേഷസിദ്ധി നമുക്കു സമ്മാനിക്കാൻ പോന്നതാണ്. നമ്മുടെ തീരുമാനങ്ങളും അവയുടെ പ്രത്യാഘാതങ്ങളും കുലീനതയും രോഗാതുരതയും ഭൂതവും ഭാവിയും വ്യക്തിത്വവും വലിയൊരു സമുദായത്തിലെ അംഗത്വവും എല്ലാം ആശ്ലേഷിക്കുന്ന ഒന്നാണത്.

ഹൃദയത്തിന്റെ ജ്ഞാനം അതിനെ തീക്ഷ്ണതയോടെ അന്വേഷിക്കുന്നവർക്കു സംലഭ്യമാണ്. അതിനെ സ്നേഹിക്കുന്നവർക്ക് അതു ദർശിക്കാനും, അതിനെ ആശ്രയിക്കുന്നവർക്ക് അതു മുൻകൂട്ടിത്തന്നെ ആർജിക്കാനും കഴിയും. യോഗ്യതയുള്ളവരെ ജ്ഞാനം അന്വേഷിച്ചുചെല്ലുന്നു. (ജ്ഞാനം 6:12-16). ഉപദേശം സ്വീകരിക്കുന്നവരുടെകൂടെയാണ് വിവേകം. (സുഭാഷിതങ്ങൾ 13:10). ശ്രവിക്കാനുള്ള ഹൃദയമുള്ളവനെയും ശിക്ഷണം വേണ്ടവനെയും അത് അനുഗമിക്കും (1 രാജാ. 3:9). പരിശുദ്ധാത്മാവിന്റെ ദാനമായ അത് ദൈവത്തിന്റെ കണ്ണുകളോടെ എല്ലാം ദർശിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. പാരസ്പര്യത്തെയും സാഹചര്യങ്ങളെയും സംഭവങ്ങളെയും അവയുടെ മൂടുപടം നീക്കി, അവയുടെ യഥാർഥ അർഥതലങ്ങൾ മനസ്സിലാക്കിത്തരാൻ പോന്നതാണത്. ഇത്തരമൊരു ജ്ഞാനമില്ലാതെ ജീവിതം രുചിയും രൂക്ഷതയുമില്ലാത്തതാകുന്നു. ജ്ഞാനം എന്ന പദത്തിന്റെ കൃത്യമായ അർഥം അതിന്റെ ലത്തീൻ മൂലമായ സപ്പേരെ (sapere എന്ന പദവും അതിന്റെ നാമരൂപമായ സപ്പോർ(sapor) എന്ന പദവുമായി ബന്ധപ്പെട്ടാണു നില്ക്കുന്നത്. 'സപ്പോർ' എന്ന ലത്തീൻ പദത്തിന്റെ അർഥം 'രുചി പകരുക' എന്നർഥം വരുന്ന 'Savour' എന്ന ഇംഗ്ലീഷ്പദവുമായി ബന്ധപ്പെട്ടാണു നില്ക്കുന്നത്.

▶ 9



ഡോ. ജസ്റ്റിൻ തോമസ്

# ഇത്രയും വലിയ മടിയനോ?

ഭാര്യയും ഭർത്താവും ഒരുമിച്ചാണ് കൗൺസലിങ്ങിനെത്തിയത്. ഭർത്താവ് പറഞ്ഞു, അദ്ദേഹത്തിന് ആദ്യം സംസാരിക്കണമെന്ന്. സംസാരത്തിനിടയിൽ അദ്ദേഹത്തിന്റെ അനുദിനചര്യകളൊക്കെ വിവരിക്കപ്പെട്ടു. തിരക്കോടു തിരക്ക്. തിരക്കി



നിടയിൽ, എം.ബി.എ. പാസായ അദ്ദേഹത്തിന് ജോലിക്കു പോകാൻ സമയമില്ല. ഏതൊരാൾക്കും സഹതാപം തോന്നുന്ന അവസ്ഥ. കുട്ടികളെ നോക്കി, വീട്ടുജോലികൾ ചെയ്ത്, ഭാര്യയെ ജോലിക്കയച്ചു ഫ്ളാറ്റിൽ താമസിച്ചു വരുന്ന ഒരു ഭർത്താവ്. ഒരു പുരുഷകേസരിയുടെ ജോലിഭാരത്തെക്കുറിച്ചോർത്ത് കൗൺസലറായ എനിക്കും ഒത്തിരി സഹതാപം തോന്നിയെന്നതു സത്യംതന്നെ.

എന്നാൽ, ഭാര്യയുടെ അടുക്കൽ സംസാരിച്ചപ്പോൾ മറ്റൊരു ചിത്രമാണു ലഭിച്ചത്. ജോലിക്കു പോകാതിരിക്കാൻ എന്തും ചെയ്യുന്ന ഒരു ഭർത്താവ്. 'മടിയൻ മല ചുമക്കും' എന്ന ചൊല്ല് നാം സാധാരണ കേട്ടിട്ടുള്ളതാണെങ്കിലും ഇത്രയും സ്പഷ്ടമായി അനുഭവത്തിൽ ബോധ്യപ്പെടുന്നത് ആദ്യമായിരുന്നു. ഈ വ്യക്തി കളിക്കുന്ന കളി കൃത്യമായി മനസ്സിലാക്കിയ ഭാര്യ കൗൺസലിങ്ങിനു കൊണ്ടുവന്നതാണ്! ജോലിസ്ഥലത്തെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലുള്ള അമിത ഉത്കണ്ഠയും അതേത്തുടർന്നുണ്ടാകുന്ന തീരുമാനങ്ങൾ എടുക്കാനുള്ള ബുദ്ധിമുട്ടുമായിരുന്നു മേൽസൂചിപ്പിച്ച വ്യക്തിയുടെ പ്രശ്നം. കൗൺസലിങ്ങിനു ശേഷം ഇദ്ദേഹം ജോലിക്കു പോയിത്തുടങ്ങുകയും ഒപ്പംതന്നെ ഭാര്യയെ ജോലികളിൽ സഹായിക്കുകയുംചെയ്യുന്നു. ഇവിടെ ഓർക്കേണ്ടത് ഇത്തരത്തിലുള്ള മടികളുടെ കാര്യകാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ മാനസികബുദ്ധിമുട്ടുകൾ പ്രധാനപ്പെട്ടവതന്നെയെന്നു നാം മനസ്സിലാക്കും.

**ജോലിക്കു പോകാതിരിക്കാനുള്ള സർവസാധാരണമായ കാരണങ്ങൾ**

ഒരു വ്യക്തി, ഉചിതമായ ജോലിക്കു പോകാതിരിക്കുന്നതിന് പ്രബലമായ ചില മാനസിക കാരണങ്ങൾ ചുവടെ ചേർക്കുന്നു:

1. പ്രചോദനം ലഭിക്കാതിരിക്കുക
2. വികലമായ സ്വയാവബോധവും ആത്മവിശ്വാസമില്ലായ്മയും
3. ജോലിഭാരം നിമിത്തം മടുപ്പ് ഉണ്ടാവുക.
4. മത്സരത്തോടുള്ള ഭയം
5. ജോലിയിൽനിന്നു സംതൃപ്തി ലഭിക്കാതിരിക്കുക.
6. സഹപ്രവർത്തകരുമായി നല്ല ബന്ധം പുലർത്താൻ പറ്റാതെ വരിക.
7. തന്റെ കഴിവുകളെക്കുറിച്ച് വിശ്വാസമില്ലായ്മയും പരാജയപ്പെടുമെന്ന തോന്നലും.
8. പിരിമുറുക്കവും ഉത്കണ്ഠയും
9. അവിഹിതബന്ധങ്ങളും പരിണതഫലങ്ങളുമൊക്കെ ഒരാൾ ജോലിക്കു പോകാൻ മടികാണിക്കുന്നതിന്റെ കാരണങ്ങളാവാം.

ഇത്തരത്തിലുള്ള പ്രശ്നത്തിൽനിന്നു വ്യക്തിയെ എങ്ങനെ പുറത്തുകൊണ്ടുവരാം?

മേൽസൂചിപ്പിച്ച ഉദാഹരണത്തിൽ വ്യക്തിയിൽ ചുവടെ കൊടുത്തിരിക്കുന്ന കൗൺസലിങ് ടെക്നിക്കുകൾ ഉപയോഗിക്കുകയും അവ ഫലപ്രദമാവുകയും ചെയ്തു.

1. തന്റെ പ്രശ്നമെന്താണെന്ന അവബോധം വ്യക്തിക്കു നൽകി.
2. തന്റെ പ്രശ്നത്തിൽനിന്നു പുറത്തുകടക്കാനുള്ള മാർഗങ്ങളുടെ രൂപരേഖ ബോധ്യപ്പെടുത്തി.
3. എൻ.എൽ.പി., റ്റി.എ. തെറാപ്പികൾ ഉപയോഗിച്ചു.

ഇത്തരത്തിലുള്ള പ്രശ്നങ്ങളെ കൈകാര്യം ചെയ്യുമ്പോൾ യഥാർഥ അവസ്ഥകളെക്കുറിച്ച് അവബോധം നൽകി പ്രചോദിപ്പിച്ച് തെറാപ്പികളിലൂടെയും, ചില സന്ദർഭങ്ങളിൽ സൈക്യാട്രിസ്റ്റിന്റെ സഹായത്തോടെ മരുന്നുകൾ നൽകിയും അവരെ പ്രശ്നങ്ങളിൽനിന്നു മോചിപ്പിക്കാം.

**ജോലിക്കു പോകാത്തവരെ നാം എങ്ങനെ നോക്കിക്കാണുന്നു?**

ജോലിക്കു പോകാത്തവരെ മടിയന്മാരായാണ് നാം പൊതുവെ കണക്കാക്കുക. ഈ മടിക്കു പിന്നിൽ മനഃശാസ്ത്രപരമായ അനവധി കാരണങ്ങൾ ഉണ്ടെന്നുള്ളതാണു വസ്തുത. ജോലി ചെയ്യുമ്പോൾ അതിൽ ആസ്വാദ്യത കണ്ടെത്താനുതകുന്ന ഡോപ്പമിൻ എന്ന ഹോർമോൺ ഉത്പാദിപ്പിക്കപ്പെടണം. എങ്കിൽമാത്രമേ വ്യക്തി സന്തോഷത്തോടെ, ആത്മസംതൃപ്തിയോടെ ജോലിചെയ്യുകയുള്ളൂ! ഡോപ്പമിന്റെ ഉത്പാദനത്തെ തടസ്സപ്പെടുത്തുന്ന വസ്തുതകളെ കണ്ടെത്തി അതിനു പരിഹാരം നൽകുമ്പോഴേ വ്യക്തി ഈ പ്രശ്നത്തിൽനിന്നു പുറത്തുകടക്കുകയുള്ളൂ. ഇത്തരം പ്രശ്നവുമായി വരുന്ന വ്യക്തിയിൽ മേൽസൂചിപ്പിച്ച മാറ്റം വരുത്തുക എന്നതാണ് കൗൺസലറുടെ ധർമം. ചുറ്റുമുള്ളവരുടെ കുറ്റപ്പെടുത്തലുകളും പരിഹാസവും ഇത്തരക്കാരെ പിരിമുറുക്കത്തിൽനിന്നു പിരിമുറുക്കത്തിലേക്കു നയിക്കാം. ഇത് പലപ്പോഴും കൂടുതലായി അനുഭവപ്പെടുക സ്വന്തം കുടുംബാംഗങ്ങളിൽനിന്നാവാം.

ഇത്തരം ഒറ്റപ്പെടുത്തലുകളുടെയും കുറ്റപ്പെടുത്തലുകളുടെയും ഓർമകൾ വ്യക്തികളെ വേട്ടയാടുന്നതായി കണ്ടിട്ടുണ്ട്. ഇതും കൗൺസലിങ്ങിലൂടെ പരിഹരിക്കപ്പെടണം. ജോലിക്കു സ്ഥിരമായി എത്താത്ത വ്യക്തികളോടുള്ള ഓഫീസിലെ മറ്റുള്ളവരുടെ കാഴ്ചപ്പാടും വികലമാവാം. താൻ ജോലി ചെയ്യുന്ന അന്തരീക്ഷം അനുകൂലമാക്കാൻ വ്യക്തിക്കു കഴിയണം. ആയതിലേക്കുള്ള മാർഗനിർദേശങ്ങളും കൗൺസലിങ്ങിൽ നൽകപ്പെടണം.

ചുരുക്കത്തിൽ, ചുറ്റുമുള്ളവരുടെ ക്രിയാത്മകസമീപനത്തിലൂടെ വ്യക്തിയുടെ ആത്മവിശ്വാസവും സ്വയാവബോധവും വളർത്തി ഈ പ്രശ്നത്തിൽനിന്നു വ്യക്തികൾക്കു പുറത്തുകടക്കാം. നാം ചെയ്യേണ്ടത് ഇത്തരക്കാരുടെ അവസ്ഥയെ മനസ്സിലാക്കാൻ അവരെ സഹായിച്ച് പ്രശ്നപരിഹാരത്തിലേക്കു നയിക്കുക എന്നതാണ്. ■

കുടുംബവിളക്ക്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# സംസാരം

സംസാരത്തക്കുറിച്ചുള്ള അടിസ്ഥാന ബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. മണ്ണിൽ മനുഷ്യരല്ലാതെ മറ്റാരാണ് അന്യോന്യം സംസാരിക്കുക? കുടുംബംസംസാരിക്കുന്നവരുടെ കൂട്ടമാണ്. എല്ലാവർക്കും സ്വതന്ത്രമായി സംസാരിക്കാനും അഭിപ്രായങ്ങൾ പറയാനുമൊക്കെ അവിടെ അവസരമുണ്ടായിരിക്കണം. ആംഗ്യഭാഷയല്ല, അധരഭാഷയാണ് വീടുകളിൽ വേണ്ടത്. അംഗങ്ങൾ പരസ്പരം സ്വതഃസിദ്ധമായി ആശയവിനിമയം നടത്തുന്ന ഭവനങ്ങളിൽ തെറ്റുധാരണകൾ അധികമുണ്ടാകില്ല. എല്ലാവരും ഒരുമിച്ചിരുന്നു മിണ്ടുകയും പറയുകയും ചെയ്യുന്നതു കുടുംബത്തിന്റെ ആരോഗ്യകരമായ അന്തരീക്ഷത്തിൽ ഏറെ ഗുണകരമാണ്.

ചില സംഭവങ്ങളും സാഹചര്യങ്ങളും അംഗങ്ങൾ തമ്മിൽ അസ്വാരസ്യത്തിനു കാരണമായേക്കുമെങ്കിലും അതുമൂലമുണ്ടാകുന്ന മൂകത നീണ്ടുനില്ക്കാതെ നോക്കണം. അന്യോന്യം പറഞ്ഞുതീർക്കാൻ പറ്റുന്ന പ്രശ്നങ്ങളേ പലപ്പോഴും കുടുംബങ്ങളിലുണ്ടാകൂ. മൂടിവയ്ക്കാനുള്ള ശ്രമവും, തുറന്നുപറയാനുള്ള താത്പര്യക്കുറവുമാണ് അവയെ കൂടുതൽ വഷളാക്കുന്നത്. സ്വന്തം വീട്ടുപ്രശ്നങ്ങൾ അയൽക്കൂട്ടങ്ങളിലല്ല അവതരിപ്പിക്കേണ്ടത്. കുടുംബത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ അംഗങ്ങൾ ഒന്നിച്ചിരുന്നു ചർച്ച ചെയ്യണം. അപ്പോഴും ആളും തരവും മറന്നുള്ള വർത്തമാനരീതി ഒഴിവാക്കണം. ആര് ആരോട് എങ്ങനെ സംസാരിക്കുന്നു എന്ന് ഓരോരുത്തരും അറിഞ്ഞിരിക്കണം. വയസ്സിനൊത്ത വാചാലത മതി. വാക്കുകൾ വായിൽ കൊള്ളാവുന്നവയായിരിക്കണം. സംസാരത്തെ സംഭാഷണമാക്കാൻ എല്ലാവരും ശീലിക്കണം.

കുടുംബത്തിലാണ് കുട്ടികൾ സംസാരിക്കാൻ പഠിക്കുക. കുഞ്ഞുങ്ങളുടെ വായിൽനിന്നു വരുന്നവ അവരുടെ കുടുംബങ്ങളുടെ സ്വഭാവത്തെ ഒരു വലിയപരിധിവരെ വിളിച്ചോതുന്നുണ്ട്. അതുകൊണ്ടുതന്നെ കുടുംബത്തിലെ സംസാരശൈലിക്കു സംസ്കാരച്ചുവയുണ്ടാകണം. അസഭ്യഭാഷണം നടത്തുന്നവർക്കും കേൾക്കുന്നവർക്കും ഒരുപോലെ അനാരോഗ്യകരമാണ്. അംഗങ്ങളുടെ അഭിവൃദ്ധിക്കും ആത്മീയവളർച്ചയ്ക്കും സഹായിക്കുന്നവ കുടുംബങ്ങളിൽ സംസാരവിഷയങ്ങളാകണം. മക്കൾ മാതാപിതാക്കളോടും മുതിർന്നവരോടും മാന്യമായി സംസാരിക്കണം. തലമൂത്തവരെ വാക്കുകൾകൊണ്ടു വന്ദിക്കാൻ പരിശീലിക്കണം.

ശിക്ഷണത്തിന്റെ ഭാഗമായിപ്പോലും അപ്പനമ്മമാർ കുഞ്ഞുങ്ങളുടെമേൽ ശാപജല്പനങ്ങളോ മോശമായ പദങ്ങളോ പ്രയോഗിക്കരുത്. വടികൊണ്ട് അടിക്കുന്നതിനെക്കാൾ ആഴമുള്ള മാനസികമുറിവുകൾ അവയ്ക്ക് അനായാസം അവരിൽ സൃഷ്ടിക്കാനാവും. തറുതല പറയുന്ന ദുശ്ശീലം ആരും ആഭരണമായി അണിയരുത്. വായാകുന്ന വാതിലിന് ഒരു താഴും താക്കോലുമുള്ളത് നല്ലതണ്; അനവസരങ്ങളിൽ അടച്ചിടാൻ അതുപകരിക്കും. സംസാരം സാരം ഉള്ളതായിരിക്കണം. അല്ലെങ്കിൽ വെറും വ്യർഥഭാഷണമായിപ്പോകും. നല്ല സംസാരങ്ങൾ കുടുംബത്തിൽ നിറയട്ടെ. സദ്വാക്കുകളാൽ വീടും പരിസരവും അനുദിനം വിശുദ്ധീകരിക്കപ്പെടട്ടെ.

*'നിങ്ങളുടെ സംസാരം എപ്പോഴും കരുണാമസൃണവും ഹൃദ്യവുമായിരിക്കട്ടെ.'*
*(കൊളോ. 4:6)*

ശ്രേഷ്ഠമലയാളം

# വാരാണസി



ഡോ. ഡേവിസ് സേവ്യർ

ഉത്തരേന്ത്യയിൽ ഗംഗാതീരത്തുസ്ഥിതി ചെയ്യുന്ന ഒരു പുണ്യനഗരമാണ് വാരാണസി. കാശി, ബനാറസ് എന്നീ പേരുകളിലും ഈ നഗരം അറിയപ്പെടുന്നു. വാരണ, അസി എന്നീ നദികളുടെ നടുവിലുള്ള പ്രദേശമായതിനാലാണ് നഗരത്തിന് ആ പേർ സിദ്ധമായത് ലോകത്തിലെ ഏറ്റവും പഴക്കമുള്ള നഗരങ്ങളിലൊന്നായി വാരാണസി കണക്കാക്കപ്പെടുന്നു. വിശ്വനാഥക്ഷേത്രംകൊണ്ടാണ് വാരാണസിക്ക് ഇത്രമേൽ പ്രസിദ്ധിയുണ്ടായത്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി 2014 ലും 2019 ലും ജനവിധി തേടിയ മണ്ഡലം എന്ന നിലയിലും വാരാണസിക്ക് ഖ്യാതിയുണ്ട്. 2024 ലും അവിടെത്തന്നെ മോദി മത്സരിക്കുന്നുവെന്നതും വാരാണസിയെ ശ്രദ്ധാകേന്ദ്രമാക്കുന്നു.

മലയാളത്തിലെ കാശിയാണ് സംസ്കൃതത്തിലെ വാരാണസി. ഇംഗ്ലീഷുകാരുടെ നാവിൽ അത് ബനാറസായി. മലയാളിയാകട്ടെ വാരാണസിയെ ഉച്ചാരണത്തിൽ 'വാരണാസി' ആക്കാറുണ്ട്. ഉദാസീനതകൊണ്ടു സംഭവിക്കുന്ന വർണ്ണവിപര്യ(വർണ്ണങ്ങളുടെ സ്ഥാനമാറ്റം) മാണത്. 'വാരാണസീ പുരപതിം ഭജ വിശ്വനാഥം'' എന്നിങ്ങനെ സ്തോത്രങ്ങളിൽ കാണുന്ന ഈ പദ്യശകലം ശ്രദ്ധിച്ചു ചൊല്ലി നോക്കിയാൽ വാരാണസിയാണ് ശുദ്ധരൂപം എന്നു ബോധ്യമാകും. കണ്ണുംമിഴിച്ചങ്ങു കണ്ടുനിന്നീടന/ പൊണ്ണത്തടിയനാം നിന്റെ പരാക്രമം/ കാശിക്കുപോയോ കഥിക്ക വൃകോദര''* എന്നു കല്യാണസൗഗന്ധികം തുള്ളലിൽ കാണുന്നതിൽനിന്ന് മലയാളത്തിൽ പ്രചരിച്ച രൂപം വാരാണസിയല്ല കാശിയാണെന്നു വ്യക്തമാണല്ലോ. 'കാശിക്കു പോവുക' (തീർഥാടനം നടത്തുക), 'കാശിക്കുപോയാലും കർമം തുലയുകയില്ല' (എന്തൊക്കെയായാലും കർമഫലം അനുഭവിച്ചേ തീരൂ) തുടങ്ങിയ പഴഞ്ചൊല്ലുകളിലും കാശിയാണ് മുന്നിട്ടുനിൽക്കുന്നത്.

*കുഞ്ചൻനമ്പ്യാർ, കല്യാണസൗഗന്ധികം ശീതങ്കൻതുള്ളൽ, പഠനം - സി. തോമസ് മാത്യു, കമ്പയിൻസ് പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി, 1991, പുറം - 70.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



നീ അമിതമായി ദുഃഖിക്കുകയോ നിന്നെത്തന്നെ മനഃപൂർവം പീഡിപ്പിക്കുകയോ അരുത്. ഹൃദയാനന്ദം ഒരുവന്റെ ജീവനും സന്തോഷം അവന്റെ ആയുസ്സുമാണ്.
പ്രഭാഷകൻ 30:21

**എഡിറ്റോറിയൽ**

# സ്ത്രീവിരുദ്ധതയുടെ അധമരാഷ്ട്രീയം

**സ്ത്രീ**കളോടു മാന്യമായി പെരുമാറാത്ത സമൂഹത്തെ പരിഷ്കൃതമെന്നു പരിഗണിക്കാനാവില്ലെന്നു പറഞ്ഞത് മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയാണ്. സ്ത്രീവിരുദ്ധത വാക്കുകളിലും ആംഗ്യങ്ങളിലും ചെയ്തികളിലും പരസ്യമായി പ്രകടിപ്പിക്കുന്ന ആണധികാരത്തിന്റെ രാഷ്ട്രീയമാണു നമുക്കു ചുറ്റുമുള്ളത്. പാർട്ടിവ്യത്യാസമില്ലാതെ പല രാഷ്ട്രീയനേതാക്കളിലും ആൺകോയ്മയുടെ അടയാളങ്ങൾ ഒളിഞ്ഞും തെളിഞ്ഞുമുണ്ടെന്നുള്ളത് ജനാധിപത്യത്തിനും ലിംഗസമത്വചിന്തകൾക്കും ഭൂഷണമല്ല. ഇതിന്റെ ബാക്കിപത്രമെന്നോണം, അങ്ങേയറ്റം അധമവും അപലപനീയവുമായ സ്ത്രീവിരുദ്ധതയാണ് ഇക്കഴിഞ്ഞ ദിവസം വടകരപ്രസംഗത്തിൽ കേട്ടത്. രാജ്യത്തെ പരമോന്നതക്കസേരയിൽ ഒരു സ്ത്രീതന്നെ അവരോധിക്കപ്പെടുമ്പോഴാണ് സ്ത്രീവിരുദ്ധതയുടെ പുരുഷഭാഷ 'പരിഷ്കൃതകേരള'ത്തെ പങ്കിലമാക്കിയത്.

വടകരയിലെ യുഡിഎഫ് യോഗത്തിൽ, ആ ലോകസഭാമണ്ഡലത്തിലെ എൽഡിഎഫ് സ്ഥാനാർഥി കെ.കെ. ശൈലജയ്ക്കെതിരേ ആർഎംപി നേതാവ് കെ.എസ്. ഹരിഹരൻ നടത്തിയ തരംതാണ പ്രയോഗമാണ് രാഷ്ട്രീയകേരളത്തിൽ വിവാദമായി ആളിക്കത്തിയത്. സമൂഹമനസ്സാക്ഷിയിൽ അറപ്പുളവാക്കുന്ന സ്ത്രീവിരുദ്ധപരാമർശത്തിലൂടെ ഒരു വ്യക്തിയെമാത്രമല്ല, സ്ത്രീസമൂഹത്തെയൊന്നാകെയാണ് അദ്ദേഹം ആക്ഷേപിച്ചത്. അവരുടെ സ്വത്വബോധത്തെയും ആത്മാഭിമാനത്തെയുമാണ് ഒറ്റപ്രസംഗത്തിലൂടെ അയാൾ തച്ചുടച്ചത്. എതിർപക്ഷത്തെ വനിതാസ്ഥാനാർഥിയെമാത്രമല്ല, താൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ ഏക വനിതാ എം.എൽ.എ.യെക്കൂടിയാണ് ഹരിഹരൻ അവഹേളിച്ചുവിട്ടത്. മാത്രമല്ല, ഒരു അഭിനേത്രിയെക്കൂടി അപമാനത്തിനിരയാക്കിയപ്പോൾ അതു കൂടുതൽ നിന്ദ്യവും പരിഹാസ്യവുമായി മാറി.

ഏറെ നാണക്കേടായി തോന്നിയത് പ്രസംഗസമയത്തെ ശ്രോതാക്കളുടെ നിസ്സംഗപ്രതികരണമാണ്. വേദിയിലോ സദസ്സിലോ ഇരിക്കുന്ന ആരിൽനിന്നും ഒരു തത്ക്ഷണപ്രതികരണവും ഉണ്ടാകാതെപോയത് ഖേദകരമാണ്. അതിലും ദൗർഭാഗ്യകരമായത് സദസ്യരിൽ ഒരു വിഭാഗം കൈയടിച്ചും പൊട്ടിച്ചിരിച്ചും ആസ്വദിക്കുന്നതും കാണേണ്ടിവന്നതാണ്. ആർ.എം.പി. നേതാവ് കെ.കെ. രമയും പ്രതിപക്ഷനേതാവ് വി.ഡി. സതീശനുമടക്കമുള്ള നേതാക്കൾ സ്ത്രീവിരുദ്ധപരാമർശത്തെ തള്ളിപ്പറഞ്ഞതു സ്വാഗതാർഹമാണ്. വൈകിയാണെങ്കിലും, പ്രസംഗകൻതന്നെ തെറ്റുസമ്മതിക്കുകയും തിരുത്തുകയും ക്ഷമ ചോദിക്കുകയുമൊക്കെ ചെയ്തതിന്റെ ആത്മാർഥതയിൽ കഴമ്പുണ്ടെങ്കിലും ഇല്ലെങ്കിലും രാഷ്ട്രീയനാടകമായി ജനം എഴുതിത്തള്ളിയേക്കാം.

തരംതാണ പരാമർശങ്ങളും വിദ്വേഷപ്രസംഗങ്ങളും പതിവുപോലെ ഇത്തവണയും തിരഞ്ഞെടുപ്പുഗോദയിലും ചാനൽച്ചർച്ചകളിലും കേൾക്കാൻ വിധിക്കപ്പെട്ടവരാണ് ഇവിടുത്തെ പൊതുജനം. സഭ്യതയുടെയും സാമാന്യമര്യാദയുടെയും അതിരുകൾ ലംഘിക്കുന്ന നേതാക്കന്മാരെ നിലയ്ക്കു നിർത്താൻ നിയമവും പൊലീസുമൊന്നുമില്ലേ ഇവിടെ? സ്ത്രീവിരുദ്ധവും അമാന്യവുമായ പ്രസംഗശൈലികളെ പിടിച്ചുകെട്ടാനും ആവർത്തിക്കാതിരിക്കാനും പാർട്ടിനേതൃത്വം പരിശ്രമിക്കാത്തതെന്താണ്? വിഷം തുപ്പുന്ന നാവുകൾക്കു കടിഞ്ഞാണിടേണ്ടത് അതതു രാഷ്ട്രീയനേതൃത്വങ്ങൾതന്നെയാണ്. നേതൃത്വങ്ങൾക്ക് അതാവുന്നില്ലെങ്കിൽ, ജനം തങ്ങളുടെ വോട്ടധികാരത്തിലൂടെ ജനാധിപത്യപരമായി പ്രതികരിക്കുകയും തിരുത്തൽശക്തിയാവുകയും ചെയ്യുന്ന കാലം വിദൂരമല്ലെന്നോർക്കണം. വ്യക്തിഹത്യയും അസഭ്യപ്രയോഗങ്ങളുംകൊണ്ട് വേദികളിലും ചാനലുകളിലും ഊറ്റംകൊള്ളുന്നവർ, സഭ്യതയോടെയും പ്രതിപക്ഷബഹുമാനത്തോടെയും ആശയസംവാദം നടത്താനുള്ള രാഷ്ട്രീയമനസ്സാണു പുലർത്തേണ്ടത്. അതിനുള്ള വിദ്യാഭ്യാസവും ഇച്ഛാശക്തിയുമാണ് അവർ ആർജിക്കേണ്ടതും.

സുപ്രീംകോടതി സുപ്രധാനമായൊരു വിധിന്യായം ഈയടുത്തകാലത്തു പ്രഖ്യാപിച്ചിരുന്നു: 'സമൂഹത്തിലെ എല്ലാ തുറകളിലും സ്ത്രീകൾക്കു തുല്യപങ്കാളിത്തം ഉണ്ടാവണമെന്നത് തുല്യജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത വശമാണ്!' പക്ഷേ, രാഷ്ട്രീയഭരണരംഗത്തും ഉദ്യോഗത്തിലുമടക്കം സ്ത്രീകൾക്കു തുല്യപങ്കാളിത്തത്തിന്റെ അയൽപക്കത്തുപോലുമെത്താൻ ഇനിയും സാധിച്ചിട്ടില്ല എന്ന യാഥാർഥ്യവും നമ്മെ ലജ്ജിപ്പിക്കണം. ലിംഗപദവിയുടെ വകുപ്പിൽ പലവിധമായ ചൂഷണവും വിവേചനവും നടക്കുന്ന പുരുഷവാഴ്ച പുലരുന്ന ഈ രാജ്യത്ത്, ലിംഗസമത്വത്തിനുവേണ്ടി പോരാടുന്നതിൽ ഏറെ മുമ്പോട്ടു പോകാനുണ്ട്. സ്ത്രീയും പുരുഷനും ട്രാൻസ്ജെൻഡറും തുല്യരാണ് എന്ന നിലപാട് ജനാധിപത്യത്തിൽ പ്രധാനമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാനാശയമായ തുല്യനീതിക്കുവേണ്ടിയാണ് മനുഷ്യാവകാശപ്രവർത്തകരും സ്ത്രീപക്ഷവാദികളുമുൾപ്പെടെയുള്ളവർ പോരാടേണ്ടത്.

സമസ്ത ഭരണമേഖലകളിലും സ്ത്രീമുദ്രകൾ ആഴത്തിൽ വേരുറയ്ക്കപ്പെടുമ്പോൾ, പെണ്മയുടെ മികവുകൾ ചരിത്രത്താളുകളിൽ തങ്കലിപികളാൽ അടയാളപ്പെടുത്തുമ്പോൾ പെൺസ്വത്വത്തെ ആദരിക്കാനും അവരുടെ മുന്നേറ്റത്തിൽ അഭിമാനം കൊള്ളാനും ഓരോ ഇന്ത്യൻപൗരനുമാകണം. അതിനുള്ള വിശാലമനഃസ്ഥിതി ഉണ്ടാകുമ്പോഴാണ് പുരുഷലോകവും പൊതുസമൂഹവും പക്വത പ്രാപിക്കുന്നത്.

# സീറോ മലബാർ സഭയുടെ പൈതൃകം സംരക്ഷിക്കപ്പെടണം : മാർപാപ്പാ

കൊച്ചി: സീറോമലബാർ സഭയുടെ ആരാധനക്രമ, ദൈവശാസ്ത്ര, ആധ്യാത്മിക, സാംസ്കാരികപൈതൃകം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലോകമെമ്പാടുമുള്ള സീറോമലബാർ സഭാംഗങ്ങൾ സവിശേഷശ്രദ്ധ പതിപ്പിക്കണമെന്ന് ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തു. അതുല്യവും അമൂല്യവുമായ ചരിത്രാനുഭവങ്ങൾ സ്വന്തമായുള്ള സീറോ മലബാർ സഭയ്ക്കു ലഭിച്ചതും സഭ മുന്നോട്ടു കൊണ്ടുപോകുന്നതുമായ മഹത്തായ പൈതൃകത്തിൽ സഭാംഗങ്ങളെ ഉറപ്പിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്നും ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞു.

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റതിനുശേഷം വത്തിക്കാനിൽ ഔദ്യോഗികസന്ദർശനത്തിനെത്തിയ മാർ റാഫേൽ തട്ടിലിനെയും മെത്രാന്മാരുടെ പ്രതിനിധിസംഘത്തെയും സ്വീകരിച്ചതിനുശേഷം വൈദികരും സമർപ്പിതരും അല്മായരുമടങ്ങുന്ന റോമിലെ സീറോ മലബാർ സഭാംഗങ്ങളെ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പാ.

സ്വയംഭരണാവകാശമുള്ള ഒരു വ്യക്തിസഭ എന്നുള്ള നിലയിൽ സീറോ മലബാർ സഭയെ ഈ പൈതൃകസംരക്ഷണത്തിൽ സഹായിക്കാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞ മാർപാപ്പാ, സഭ ഇന്നു നേരിടുന്ന വെല്ലുവിളികളെ ഉത്തരവാദിത്വത്തോടെയും സുവിശേഷാത്മകധൈര്യത്തോടെയും മേജർ ആർച്ചുബിഷപ്പിന്റെയും സിനഡിന്റെയും നേതൃത്വത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടു നേരിടാനും ഉദ്ബോധിപ്പിച്ചു. ഭാരത അപ്പസ്തോലനായ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിൽ അടിത്തറയിട്ടു രൂപപ്പെട്ട സീറോ മലബാർ സഭ അഭിമുഖീകരിക്കേണ്ടിവന്ന വിവിധ വെല്ലുവിളികളെ അനുസ്മരിപ്പിച്ച മാർപാപ്പാ, പത്രോസിന്റെ സിംഹാസനത്തോട് ഈ സഭ എക്കാലവും പുലർത്തിയ വിശ്വസ്തതയെ പ്രത്യേകം എടുത്തുപറഞ്ഞു.



എറണാകുളം – അങ്കമാലി അതിരൂപതയിൽ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യങ്ങളെ പ്രസംഗത്തിൽ പരാമർശിച്ച മാർപാപ്പാ, ഈ പ്രശ്നപരിഹാരത്തിനായി നൽകിയ കത്തുകളെയും വീഡിയോ സന്ദേശത്തെയും പരാമർശിച്ചു. സഭയിൽ ഐക്യം നിലനിർത്തുകയെന്നുള്ളത് ഒരു ഉപദേശം മാത്രമല്ലെന്നും; മറിച്ച്, അതൊരു കടമയാണെന്നും അനുസരണം വാഗ്ദാനം ചെയ്ത വൈദികർക്ക് ആ കടമ നിറവേറ്റുന്നതിൽ പ്രത്യേകം ഉത്തരവാദിത്വമുണ്ടെന്നും മാർപാപ്പാ ഓർമിപ്പിച്ചു.

മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിലിനൊപ്പം സ്ഥിരം സിനഡംഗങ്ങളും ആർച്ചുബിഷപ്പുമാരുമായ മാർ ആൻഡ്രൂസ് താഴത്ത്, മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പാംപ്ലാനി എന്നിവരും, കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററും സഭയുടെ പ്രൊക്യുറേറ്ററുമായ മാർ സ്റ്റീഫൻ ചിറപ്പണത്തും മാർപാപ്പായുമായുള്ള കൂടിക്കാഴ്ചയിൽ പങ്കെടുത്തു.

# മിഠായി

ബാലനോവൽ 9 രാമപുരം മണി

**അ**ജിതയുടെ അച്ഛൻ ഗോപാലകൃഷ്ണൻനായർ ഒരു നല്ല മനുഷ്യനായിരുന്നു. വലിയ പണക്കാരനാണ് അദ്ദേഹം. മകളെ വേണമെങ്കിൽ ഒരു പണക്കാരന്റെ മകനു വിവാഹം ചെയ്തു കൊടുക്കാമായിരുന്നു. പക്ഷേ, കാണുകയും പരിചയപ്പെടുകയും ചെയ്തപ്പോൾ സൽസ്വഭാവിയായ സുഗതനെ വളരെ ഇഷ്ടപ്പെട്ടു. ഇവൻതന്നെ മതി തന്റെ മകളുടെ ഭർത്താവായിട്ട്. ഉറച്ച തീരുമാനമായിരുന്നു. പല ബന്ധുക്കളും പറഞ്ഞു:

''ഇത്രയും പണക്കാരായ ഗോപാലകൃഷ്ണൻചേട്ടന് മകളെ ഒരു സാദാ പൊലീസുകാരനു വിവാഹം ചെയ്തുകൊടുക്കേണ്ട ആവശ്യമുണ്ടോ?''

''ഉണ്ട്. ഒരു സൽസ്വഭാവി എന്റെ മകളുടെ ഭർത്താവായി വരണം. എനിക്കൊരു നല്ല മരുമകനെ വേണം. എന്റെ ഭാര്യ നേരത്തേ മരിച്ചതാണെന്നറിയാമല്ലോ. അതിൽപ്പിന്നെ ഞാനെന്റെ മോളെ അല്ലലറിയാതെ വളർത്തി. ഇനിയും അവൾക്കൊരു വിഷമമുണ്ടാകാൻ പാടില്ല. എന്റെ കണ്ണടയുന്നതുവരെ അജിത സുഖമായിക്കഴിയുന്നതു കാണണം.'' ഗോപാലകൃഷ്ണൻനായരുടെ ചിന്താഗതി വളരെ വ്യത്യസ്തമായിരുന്നു. സുഗതൻ സൽഗുണ സമ്പന്നനും മര്യാദക്കാരനുമായ ഒരു ചെറുപ്പക്കാരനാണ്. ഗോപാലകൃഷ്ണൻനായർ സുഗതനു ഫോൺ ചെയ്തു പറഞ്ഞു:

''മോൻ ലീവു കിട്ടുമ്പോൾ ഇങ്ങോട്ടു പോന്നോളൂ.''

''അച്ഛൻ പറഞ്ഞില്ലെങ്കിലും അങ്ങനെ ചെയ്യാനാണ് ഞാൻ തീരുമാനിച്ചിട്ടുള്ളത്.''

''നന്നായി മോനെ.നന്നായി.''

''ശരി വെക്കട്ടെ അച്ഛാ. ഒരു പ്രതിയെ ചോദ്യം ചെയ്തുകൊണ്ടിരിക്കുകയാണ്.''

''ആരാ മോനെ പ്രതി?''

''ഒരു കള്ളനാണച്ഛാ.''

''ഇടിയൊന്നും കൊടുക്കേണ്ട കേട്ടോ.''

''ഇല്ലച്ഛാ. എന്റെ വഴി സമാധാനത്തിന്റെ വഴിയാണെന്ന ച്ഛനറിഞ്ഞൂടെ...'' സുഗതൻ ഫോണിൽപ്പറയുന്നതു കള്ളൻ കേട്ടു.

''മാപ്പാക്കണം സാറേ. ഇനി ഞാൻ മോഷ്ടിക്കില്ല. സാറന്റെ കണ്ണു തെളിച്ചു.''

''നല്ലത്. എന്താ തന്റെ പേര്? എന്തെങ്കിലും ജോലി ചെയ്തു മാന്യമായി ജീവിക്കൂ സുകുമാരാ. എസ്.ഐ. വരുമ്പോൾ ഞാൻ പറയാം നിന്റെ പേരിൽ കേസൊന്നും ചാർജു ചെയ്യേണ്ടന്ന്...''

''വളരെ ഉപകാരം. എസ്.ഐ. അദ്ദേഹം തല്ലുമോ സാറേ.''

''ഇല്ല. നീ അദ്ദേഹത്തെ കാണുമ്പോൾ താണുകേണപേക്ഷിച്ച് ഒന്നു തൊഴുതോളൂ. അദ്ദേഹം വളരെ ദയാലുവായ മനുഷ്യനാണ്.'' സുഗതൻ പറഞ്ഞു.

ബൂട്ട്സിന്റെ ശബ്ദം അടുത്തടുത്തു വരുന്നു. കള്ളൻ സുകുമാരന്റെ ചങ്കിടിച്ചു. അതാ ഭീകര രൂപമുള്ള എസ്.ഐ. മുന്നിൽ. പിരിച്ചുവച്ച വലിയ കപ്പടാമീശ. കൈയിൽ ഒരു ലാത്തിയുമായി എസ്.ഐ. മാണിക്യം മുന്നിൽ നിൽക്കുന്നു.

''എന്നാ സുഗതൻപോലീസേ, ഇവൻ എല്ലാം സമ്മതിച്ചോ...''

''ഉവ്വ് സാർ. പാവമാ ഒരബദ്ധം പറ്റിയതാണെന്നാ പറഞ്ഞത്.''

''സരിസരി... എന്നടാ തിരുടാ അബദ്ധം പറ്റി തിരുടിയോ നീ...'' എസ്.ഐ. കപ്പടാമീശമാണിക്യം ചോദിച്ചു.

''പൊന്നുസാറെ മന്നിക്കണം. ഞാനിനി മോഷ്ടിക്കില്ല. എന്നെ ഉപദ്രവിക്കാതെ പുറത്തു വിടണം. ഭാര്യയും രണ്ടുകൊളന്തയുമുണ്ടെനിക്ക്...''

''കൊളന്തകളുക്ക് എന്ന പ്രായം?'' മാണിക്യം ചോദിച്ചു.

''അഞ്ചും ഏഴും വയസ്സ്.'' കള്ളൻ സുകുമാരൻ എസ്.ഐ.യെ തൊഴുതുകൊണ്ടു പറഞ്ഞു.

''അപ്പപ്പാ മുരുകാ, അന്തകുളന്തൈകളെ കാപ്പാത്തണേ ശബരിമലശാസ്താവേ...'' മാണിക്യം പറഞ്ഞു.

''എന്റെ കുളന്തകളെയാണോ അങ്ങു കാപ്പാത്തണമെന്നു പറഞ്ഞത്...''

''അതെയെടാ സുകുമാരൻ തിരുടാ...'' അദ്ദേഹം ചിരിച്ചു കൊണ്ടു മീശ പിരിച്ചു. ലാത്തി ചുഴറ്റി.

''എന്റെ മുന്നിൽ നിൽക്കുന്നത് എസ്.ഐ. മാണിക്യമല്ല. സാക്ഷാൽ ഈശ്വരനാണ്...'' കള്ളൻസുകുമാരൻ എസ്.ഐ. മാണിക്യത്തിനു മുന്നിൽ കമഴ്ന്നുവീണു വിങ്ങിക്കരഞ്ഞു.

''എന്നടാ ഇത്... തിരുട്ടുപ്പയലേ എണീക്ക്. ഒനക്കു പശിക്കുതാ... ഡേ, 304, ഒരു കോഫിയും രണ്ടു പഴംപൊരിയും കൊണ്ടുവാ.''



പത്തുമിനിറ്റിനകം കാപ്പിയും പഴംപൊരിയും വന്നു.

''ഇന്ത തിരുടനുക്കു കൊട്. കഴിക്കു സുകുമാരാ. ഇന്നു മുതൽ നീ തിരുടനല്ല. ജോലി ചെയ്തു മാന്യമായി ജീവിച്ചോണം. പുരിഞ്ചിതാ.''

''ജീവിച്ചോളാം. മാന്യമായി ജീവിച്ചോളാം. പൊലീസ് എന്നെ നല്ലവനാക്കി.''

''ശരി. സാവധാനം കാപ്പി കഴിച്ച് അന്തഃമുറിയിൽ വന്ത് ചില ഒപ്പുകൾ ഇട്ടിട്ടു പൊയ്ക്കോ.'' എസ്.ഐ. മാണിക്യം സാർ തന്റെ ക്യാബിനിലേക്കു പോയി.

''ഈ കരിങ്കൽശരീരത്തിനുള്ളിലും ഒരു മൃദുവായ കനിവുള്ള ഹൃദയമോ?...'' സുഗതൻ പൊലീസ് മനസ്സിൽ അങ്ങനെ ആത്മഗതം ചെയ്തു.

സുകുമാരൻ പഴംപൊരി തിന്നുകയാണ്. ചൂടുകാപ്പി അയാൾ ഊതിയൂതിക്കുടിച്ചു.

ഇതൊരു പൊലീസ് സ്റ്റേഷനോ അതോ ദൈവസന്നിധിയോ? കള്ളംതെളിയിക്കാൻവേണ്ടി കള്ളന്മാരെ ഇടിച്ചു ചതയ്ക്കുന്ന പൊലീസുകാരെപ്പറ്റിയേ സുകുമാരൻ കേട്ടിട്ടുള്ളൂ.

പ്രതികളോടു കനിവുകാണിക്കുന്ന നല്ല ഹൃദയമുള്ള പൊലീസുകാരെക്കുറിച്ചു കേട്ടിട്ടില്ലേ... ഇപ്പോൾ നേരിട്ടു കണ്ടു.

കോൺസ്റ്റബിൾ സുഗതൻ. എസ്.ഐ. മാണിക്യം.

വാഷ്ബേസിനിൽച്ചെന്ന് കൈകഴുകി ഗ്ലാസ് കഴുകിവച്ച് സുകുമാരൻ ഓഫീസ് റൂമിൽ ച്ചെന്ന് ഒപ്പിട്ടു.

''ഇറങ്ങട്ടെ സാറേ.'' സുകുമാരൻ മാണിക്യത്തെ തൊഴുതു. പിരിച്ചുവച്ച കപ്പടാമീശയ്ക്കു നടുവിൽ ഒരു പുഞ്ചിരി വിടർന്നു.

അവിശ്വസനീയം. എസ്.ഐ. മാണിക്യം സാർ ചിരിക്കുന്നു...

''പോയി നന്നായി ജോലി ചെയ്തു ജീവിക്കൂ സുകുമാരാ. കടവുൾ കാപ്പാത്തും.''

''എന്റെ പൊന്നു സാറിനെ ജീവിതത്തിലൊരിക്കലും ഞാൻ മറക്കില്ല....'' സുകുമാരൻ തൊഴുകൈയോടെ എസ്.ഐസ. മാണിക്യത്തോടു പറഞ്ഞു.

''ആമാ അപ്പടിയാ... ആകട്ടും...'' മാണിക്യം വീണ്ടും പുഞ്ചിരിച്ചു.

(തുടരും)

കാർഷികം

ജോഷി മുഞ്ഞനാട്ട്

# പുളിഞ്ചി

**ന**മ്മുടെ വീട്ടുവളപ്പിലെ കൃഷിയിടങ്ങളിൽ പണ്ടുകാലങ്ങളിൽ ധാരാളമായി കണ്ടുവന്നിരുന്നതും ഇന്നു വളരെ കുറഞ്ഞു വരുന്നതുമായ ഒരു കൊച്ചുമരമാണ് പുളിഞ്ചി. ഇവയെ ഇലുമ്പിപ്പുളി, ഇലുമ്പൻപുളി എന്നീ പേരുകളിലും വിളിക്കാറുണ്ട്. ഇംഗ്ലീഷിൽ 'ബിലുബി' എന്നാണ് ഇവയെ വിളിക്കുന്നത്.



ഒക്സാലിഡേസി കുടുംബത്തിൽപ്പെടുന്ന ഇവയുടെ ശാസ്ത്രനാമം അവേറിയബിലുബി എന്നാണ്. പുളിഞ്ചിമരത്തിൽ മാംസളമായ കായ്കൾ തടിയിലും ശിഖരങ്ങളിലും ധാരാളമായി ഉണ്ടാകുന്നു. തടിനിറയെ കായ്ച്ചുനിൽക്കുന്നതു കാണാൻതന്നെ മനോഹരമാണ്. ചില പ്രദേശങ്ങളിൽ ഇതിന്റെ കായ്കൾക്ക് ചിലുമ്പിങ്ങ എന്നാണു പേര്.

വിത്തിൽനിന്നുണ്ടാകുന്ന തൈകൾ നട്ടാണ് സാധാരണ ഇതു വളർത്തുന്നത്. പാകമായ കമ്പ് മുറിച്ചുവച്ചും നടാം. നടുന്ന അവസരത്തിൽ അടിവളമായി ചാണകപ്പൊടി, കമ്പോസ്റ്റ് എന്നിവ ഉപയോഗിക്കുന്നു. നട്ടശേഷം നനച്ചുകൊടുക്കണം. വേനൽക്കാലത്ത് പുതയിടുന്നതും നനച്ചുകൊടുക്കുന്നതും വളരെ നല്ലതാണ്.

പുളിഞ്ചിക്കായുടെ ഞെട്ട് ദുർബലമായതിനാൽ വേഗം അടർന്നുവീഴുന്നു. ഇതിന്റെ പഴുത്ത കായ്കൾക്കു മധുരം കലർന്ന പുളിരസമാണ്.

മീൻ കറിവയ്ക്കുമ്പോൾ പുളിക്കുവേണ്ട കേരളത്തിലെ ചില പ്രദേശങ്ങളിൽ ഇവ ഉപയോഗിച്ചുവരുന്നു കൂടാതെ അച്ചാറിടാനും ഇവ നല്ലതുതന്നെ. നെടുകെ പിളർന്ന് ഉപ്പുപുരട്ടി സൂക്ഷിക്കാനും ഇവ ഉത്തമം.

100 ഗ്രാം പുളിഞ്ചിക്കയിൽ 94.7 ശതമാനം ജലാംശമാണ്. ഇതിനുപുറമേ 0.61 ഗ്രാം മാംസ്യം, 0.6 ഗ്രാം ഭക്ഷ്യനാരുകൾ, 3.4 മി.ഗ്രാം കാൽസ്യം, 11.1 മി.ഗ്രാം ഫോസ്ഫറസ്, 1.0 മി.ഗ്രാം ഇരുമ്പ് എന്നിവ ഇതിൽ അടങ്ങിയിരിക്കുന്നു.

പുളിഞ്ചിക്കായിൽ സുഷിരങ്ങളുണ്ടാക്കി ഒരു രാത്രിവെള്ളത്തിലിട്ട് പുളികുറച്ചശേഷം ജാമും ജെല്ലിയുമുണ്ടാക്കാൻ ഉപയോഗിക്കാറുണ്ട്. പുളിഞ്ചിപ്പൂക്കളെ പഞ്ചസാര സിറപ്പിലിട്ട് ചില രാജ്യക്കാർ ഉപയോഗിക്കുന്നു. ഇതിന്റെ ഇലയും പൂക്കളും ഔഷധാവശ്യങ്ങൾക്കും ഉപയോഗിക്കാറുണ്ട്. അടുത്തകാലത്തായി പുളിഞ്ചിയിൽനിന്നു നിരവധി ഔഷധഗുണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇത് ഇലുമ്പൻപുളിക്കു കൂടുതൽ പ്രചാരം ലഭിക്കാനും ഇടയാക്കിയിട്ടുണ്ട്.



# 'കേരളത്തിൽ നിന്നിട്ട് എന്തു കിട്ടാനാ?'

ഡോ. സെബിൻ എസ്. കൊട്ടാരം

അടുത്തകാലത്ത് തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലൂടെ സഞ്ചരിക്കുകയും അവിടെ താമസിക്കുകയും ചെയ്തപ്പോൾ ഒരു കാര്യം ശ്രദ്ധിച്ചു. ഇരുപതുവർഷംമുമ്പുള്ള തമിഴ്നാടേ അല്ല. ഈ മാറ്റം കെട്ടിടങ്ങളുടെയും റോഡുകളുടെയും വികസനംമാത്രമല്ല; മറിച്ച്, അവിടുത്തെ സാധാരണക്കാരുടെയുൾപ്പെടെ ജീവിതത്തിലുണ്ടായ വലിയ പോസിറ്റീവായ മാറ്റമാണ്. ജനങ്ങളുടെ ജീവിതനിലവാരത്തിലും വിദ്യാഭ്യാസത്തിലും സമ്പത്തിലും വലിയ ഉയർച്ച കാണാൻ കഴിഞ്ഞു. ഈ മാറ്റത്തിന് അടിത്തറയിട്ടത് അവിടെയുള്ള സർക്കാരാണ്. വിദ്യാഭ്യാസരംഗത്തു ഗുണമേന്മയ്ക്കു പ്രാധാന്യം നൽകുന്നതിനൊപ്പം വ്യവസായസൗഹൃദാന്തരീക്ഷം നിലനിർത്തുകയും ചെയ്തു. അതോടെ ധാരാളം രാജ്യാന്തര ഐടി, ഓട്ടോമൊബൈൽ ഉൾപ്പെടെയുള്ള കമ്പനികൾ തമിഴ്നാട്ടിൽ ചുവടുറപ്പിച്ചു. ആ കമ്പനികളിൽ തദ്ദേശീയരായ അനേകായിരങ്ങൾക്കു തൊഴിൽ ലഭിച്ചു. അവരാരും തൊഴിൽ തരുന്ന സ്ഥാപനങ്ങൾ സമരം നടത്തി അടച്ചുപൂട്ടാൻ ശ്രമിച്ചില്ല. ഒപ്പം, വ്യവസായസ്ഥാപനങ്ങളിൽനിന്നു കോടിക്കണക്കിനു രൂപ നികുതിയായി സർക്കാരിനു ലഭിച്ചപ്പോൾ, അതു വിവിധ ജനക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചു. സ്ഥലമില്ലാത്തവർക്കു സൗജന്യസ്ഥലം, വിവാഹ-വിദ്യാഭ്യാസധനസഹായം, ഒരു രൂപയ്ക്ക് അരിയുൾപ്പെടെ ജനങ്ങളിലേക്കു നേരിട്ടെത്തി. അതോടെ, ദരിദ്രരായിരുന്ന വലിയൊരു വിഭാഗം തമിഴ്ജനത വിദ്യാഭ്യാസപരമായും സാമ്പത്തികമായും മെച്ചപ്പെട്ട അവസ്ഥയിലെത്തി.

അടുത്തകാലത്ത്, തമിഴ്നാട് ഐടി മിനിസ്റ്റർ ഡോ. പളനിവേൽ ത്യാഗരാജനുമായി കൂടിക്കാഴ്ച നടത്തിയപ്പോഴും കാണാൻ കഴിഞ്ഞത് രാഷ്ട്രീയത്തിനും 'ഏതു പദ്ധതിയിലും എനിക്കെന്തു കിട്ടും' എന്ന സ്വാർഥചിന്താഗതിക്കും അപ്പുറമുള്ള ദേശതാത്പര്യമാണ്. മുപ്പതുവർഷംമുമ്പ് അമേരിക്കയിലെ പ്രശസ്തമായ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പഠിക്കുകയും എൻജിനീയറിങ് സൈക്കോളജിയിൽ പിഎച്ച്ഡി നേടുകയും ചെയ്തിട്ടുള്ള ഡോ. പളനിവേൽ മുൻ ധനകാര്യമന്ത്രികൂടിയാണ്. ഓരോ മേഖലയിലും വിദ്യാഭ്യാസവും വൈദഗ്ധ്യവുമുള്ളവർ മന്ത്രിസ്ഥാനങ്ങളിലേക്കു വരുമ്പോൾ അവിടെ മികച്ച ഭരണം ലഭിക്കുന്നു.

ഈയൊരു സാഹചര്യത്തിൽ കേരളത്തിന്റെ സമകാലികചിത്രം പരിശോധിക്കുക. വലിയൊരു ശതമാനം യുവജനങ്ങൾ കേരളം വിടാൻ താത്പര്യം കാണിക്കുന്നു. "കേരളത്തിൽ നിന്നിട്ട് എന്തു കിട്ടാനാ?" പലരും ചോദിക്കുന്നു.

കഷ്ടപ്പെട്ടു പഠിച്ച് മത്സരപ്പരീക്ഷ എഴുതിയശേഷം റിസൽട്ടു വരുമ്പോൾ വിവിധ സംവരണങ്ങളുടെ പേരിൽ പിന്നിലായിരിക്കുന്ന പലരും മുമ്പിലെത്തുന്നു.

റാങ്കുലിസ്റ്റിൽവരെ പേരു വന്നിട്ട് ഒടുവിൽ അതു കാലഹരണപ്പെടുമ്പോൾ ഒന്നും ചെയ്യാനാവാതെ നോക്കിനിൽക്കേണ്ട അവസ്ഥ - മറ്റു ചിലർ പറയുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി, രാഷ്ട്രീയക്കാർക്കു താത്പര്യമുള്ളവരെ താത്കാലികമായി നിയമിച്ച് പിന്നീട വരെ സ്ഥിരപ്പെടുത്തുന്നതും മറ്റൊരു കാഴ്ച.

പലചരക്കുമുതൽ ഇലക്ട്രോണിക് കടകൾവരെ കുത്തകഭീമന്മാരുടെയും ഓൺലൈൻവ്യാപാരത്തിന്റെയും നിയന്ത്രണത്തിലായപ്പോൾ ബിസിനസിലും പച്ച പിടിക്കാൻ കഴിയാതെ നീർക്കയത്തിൽ മുങ്ങുന്നു ഒരു വിഭാഗം യുവജനങ്ങൾ.

കനത്ത ചൂട് കാർഷികോത്പാദനം കുറയുന്നതിനു കാരണമാകുന്നതിനൊപ്പം വിലത്തകർച്ചയും കർഷകരുടെ നട്ടെല്ലൊടിക്കുന്നു.

ഉന്നതവിദ്യാഭ്യാസം നേടിയിട്ടും പഠിച്ച കോഴ്സിനെക്കാൾ താഴ്ന്ന ജോലി ചെയ്യേണ്ടിവരുന്ന അവസ്ഥ. 35 വയസ്സു കഴിഞ്ഞിട്ടും വിവാഹം നടക്കാത്തതിന്റെ വേദന. വിദേശത്തു പഠിക്കാൻ പോയശേഷം കൂട്ടുകാരുടെ സ്വാധീനത്തിൽ കുറേശ്ശെയായി ഉപയോഗിച്ച് ലഹരിമരുന്നിനടിമയായ കഥകൾ... ലക്ഷങ്ങൾ വിദ്യാഭ്യാസവായ്പയെടുത്തു വിദേശത്തു പഠിച്ചശേഷം ജോലി ലഭിക്കാതെ നാട്ടിലേക്കു മടങ്ങിയശേഷം വായ്പ തിരിച്ചടയ്ക്കാൻ ക്ലേശിക്കുന്നവർ... പ്രണയം നടിച്ചുള്ള കെണികളിൽ വീണവർ, രസത്തിന് ഓജോ ബോർഡും മറ്റുമുപയോഗിച്ച് ഒടുവിൽ സാത്താൻ സേവക്കാരുടെ നീരാളിപ്പിടിത്തത്തിൽ കഴിയുന്നവർ...

കേരളത്തിലെ ക്രൈസ്തവയുവതയുടെ പ്രശ്നങ്ങളിലേക്കു കണ്ണോടിക്കുമ്പോൾ തെളിയുന്ന അനുഭവങ്ങളാണിവയെല്ലാം. ധ്യാനകേന്ദ്രങ്ങളിൽ 70 ശതമാനത്തിലധികം 35 വയസ്സിൽ താഴെയുള്ളവർ നിറയുമ്പോൾ അവരിൽ നല്ലൊരു ശതമാനം അസംതൃപ്തിയും നിരാശയും പുകയുന്നവരാണെന്നുള്ളതാണു യാഥാർഥ്യം.




നിരാശ സാത്താന്റെ കെണിയാണ്. ദൈവത്തിന് ഇനി നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാൻ കഴിയില്ല എന്ന തോന്നലിലേക്കു മനസ്സിനെ എത്തിക്കുന്നതാണ് നിരാശ. ഇവിടെ നിരാശയല്ല വേണ്ടത്; മറിച്ച്, പ്രതികൂലസാഹചര്യങ്ങളിലും അതിനെ നേരിട്ടു മറികടക്കാനുള്ള മനസ്സാണ്. എന്റെ ദൈവം എന്നോടുകൂടി, എന്നെ വഴിനടത്താനുള്ളപ്പോൾ ഞാനെന്തിനു ഭയപ്പെടണം എന്നു ചിന്തിക്കുക. "നമുക്കു വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നു" (റോമ. 8:18).

"കർത്താവിനെ ഭയപ്പെടുന്നവന് അനർഥം സംഭവിക്കുകയില്ല, ആപത്തിൽനിന്ന് അവിടുന്ന് അവനെ രക്ഷിക്കും" (പ്രഭാഷകൻ 33:1).

ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു. (റോമ. 8:28)

നമ്മുടെ ഏതവസ്ഥയിലും ദൈവത്തിനു പ്രവർത്തിക്കാൻ സാധിക്കുമെന്ന് ഉറച്ചുവിശ്വസിക്കുക. തീർച്ചയായും അവിടുന്ന് ജീവിതത്തിൽ ഇടപെടും. ■

## ഭ്രൂണഹത്യ അരുതേ : പ്രോ ലൈഫ് അപ്പോസ്തലേറ്റ് ബോധവത്കരണ ക്യാമ്പയിനു തുടക്കം

കാഞ്ഞിരപ്പള്ളി: ഉദരത്തിലെ കുഞ്ഞിന്റെ ജനിക്കാനുള്ള അവകാശം നിഷേധിക്കരുത്, ഭ്രൂണഹത്യ അരുതേ തുടങ്ങിയ ജീവൻ സംരക്ഷണ സന്ദേശബോധവത്കരണപ്രവർത്തനങ്ങൾക്കു സീറോ മലബാർ സഭയുടെ പ്രോ ലൈഫ് അപ്പോസ്തലേറ്റ് തുടക്കം കുറിച്ചു. ഉദരത്തിൽ വളരുമ്പോഴും, വളർന്നതിനു ശേഷവും കുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ വർധിച്ച സാഹചര്യത്തിൽ ഈ സഭയുടെ കുടുംബപ്രേഷിതവിഭാഗം സെക്രട്ടറി ഫാ. മാത്യു ഓലിക്കലിനും കാഞ്ഞിരപ്പള്ളി രൂപത പ്രോ ലൈഫ് സമിതി പ്രസിഡന്റ് ശ്രീ ജോസുകുട്ടി മേച്ചേരിത്തകിടിക്കും പോസ്റ്ററുകൾ കൈമാറി പ്രകാശനം ചെയ്തു. ജനിക്കാനും ജീവിക്കാനുമുള്ള ഓരോ കുഞ്ഞിന്റെയും അവകാശം സംരക്ഷിക്കപ്പെടണമെന്ന് മാർ ജോസ് പുളിക്കൽ പറഞ്ഞു. മനുഷ്യജീവന്റെ സംരക്ഷണത്തിനുവേണ്ടി സമൂഹത്തിലെ



*സീറോ മലബാർ സഭയുടെ പ്രോ ലൈഫ് അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബോധവത്കരണ കാമ്പയിനിന്റെ പോസ്റ്ററുകൾ പ്രോ ലൈഫ് അപ്പോസ്തലേറ്റിന്റെയും കെസിബിസി പ്രോ ലൈഫ് സമിതിയുടെയും വൈസ് ചെയർമാൻ മാർ ജോസ് പുളിക്കൽ പ്രകാശനം ചെയ്യുന്നു.*

ക്യാമ്പയിന്റെ പ്രസക്തി വർദ്ധിക്കുന്നുവെന്ന് പ്രോ ലൈഫ് ചൂണ്ടിക്കാട്ടുന്നു.

കാഞ്ഞിരപ്പള്ളിയിൽ നടന്ന വലിയകുടുംബങ്ങളുടെ സമ്മേളനത്തിൽ പ്രോ ലൈഫ് അപ്പോസ്തലേറ്റിന്റെയും കെസിബിസി പ്രോ ലൈഫ് സമിതിയുടെയും വൈസ് ചെയർമാൻ മാർ ജോസ് പുളിക്കൽ സീറോ മലബാർ എല്ലാ വിഭാഗം മനുഷ്യരും പ്രസ്ഥാനങ്ങളും ഒരുമിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. പ്രോ ലൈഫ് അപ്പോസ്തലേറ്റ് സെക്രട്ടറി സാബു ജോസ് മുഖ്യപ്രഭാഷണം നടത്തി. മാതൃവേദി ആനിമേറ്റർ സിസ്റ്റർ ജ്യോതി മരിയ, ബ്രദർ എബ്രഹാം ചക്കാലയ്ക്കൽ, രൂപത എക്സിക്യൂട്ടീവംഗങ്ങൾ എന്നിവർ പ്രോഗ്രാമിനു നേതൃത്വം നൽകി.

1-ാം പേജ് തുടർച്ച

# നിർമിതബുദ്ധിയും ഹൃദയത്തിന്റെ ജ്ഞാനവും

**അവസരവും അപകടവും**

ഇത്തരം ജ്ഞാനം യന്ത്രങ്ങളിൽനിന്നു ലഭ്യമല്ല. നിർമിതബുദ്ധിയെ ഇന്നു വിളിക്കുന്ന ഓമനപ്പേരാണ് യന്ത്രപഠനം അഥവാ മെഷീൻ ലേണിങ് (Machine learning). ശാസ്ത്രസാഹിത്യത്തിൽ ഇന്ന് ഉപയോഗിക്കുന്ന സംജ്ഞയാണത്. ഇവിടെ ഉപയോഗിക്കപ്പെടുന്ന ബുദ്ധി(Intelligence) എന്ന പദത്തിന്, മനുഷ്യരെ വഴി തെറ്റിച്ചുനയിക്കാനുള്ള സ്വഭാവമുണ്ട്. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുവയ്ക്കുന്നതിനും പരസ്പരം സ്ഥിതിവിവരക്കണക്കുകൾ ബന്ധപ്പെടുത്തി താരതമ്യം ചെയ്യുന്നതിനും അപഗ്രഥിക്കുന്നതിനും മനുഷ്യനെക്കാൾ കഴിവ് യന്ത്രത്തിനുണ്ട് എന്ന കാര്യം അവിതർക്കിതമാണ്. എന്നാൽ, അവയുടെ അർഥതലങ്ങൾ മനസ്സിലാക്കാൻ മനുഷ്യനുമാത്രമേ സാധിക്കൂ. മനുഷ്യനെപ്പോലെ കാണപ്പെടുന്ന രീതിയിൽ യന്ത്രത്തെ നിർമിക്കുക എന്ന കർമമായി ഇതിനെ ലഘൂകരിച്ചു കാണാനാവില്ല. തങ്ങൾ സർവശക്തരാണെന്ന മിഥ്യാധാരണയുടെ അടിസ്ഥാനം തങ്ങൾ പരിപൂർണമായ സ്വയംഭരണാധികാരമുള്ളവരാണെന്നും കൂടിയാലോചനകൾ ഒന്നും കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ പോന്നവരാണെന്നും ഉള്ള താൻപോരിമയാണ്. സാമൂഹികമായ ഉത്തരവാദിത്വങ്ങളും കടപ്പാടും തങ്ങൾക്കില്ലായെന്നുമാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. തങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന അന്തസ്സും യാഥാർഥ്യവും ഇക്കൂട്ടർ സൗകര്യപൂർവം മറക്കുകയാണ്.

കമ്പ്യൂട്ടർ എന്ന പദത്തിന്റെ ഉത്പത്തി 'കൂടെ ചിന്തിക്കുക' യെന്ന അർഥം വരുന്ന 'Com-puto'(കം - പൂത്തോ) എന്ന ലത്തീൻപദത്തിൽനിന്നത്രേ. ഓരോ ഉപകരണവും ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലനില്ക്കുന്നുണ്ട്. ദൈവത്തെക്കൂടാതെ ദൈവമാകാനുള്ള ആദിമകാലംതൊട്ടുള്ള, മനുഷ്യന്റെ പ്രലോഭനംതന്നെയാണ് അതിനുള്ള കാരണം (നോക്കുക - ഉത്പത്തി 3). ദൈവകൃപപോലെ സൗജന്യമായി ലഭിക്കേണ്ടതും സമ്മാനമായി സ്വീകരിച്ച് സർവരും കൂട്ടായ്മയിൽ ആസ്വദിക്കേണ്ടതുമായതിനെ സ്വന്തം പ്രയത്നത്താൽ നേടിയെടുക്കാം എന്ന ചിന്തയും ഇതിനു പിറകിലുണ്ട്. ഹൃദയത്തിന്റെ ആഭിമുഖ്യവും ചായ്‌വും അനുസരിച്ച്, കരഗതമായിട്ടുള്ളവയെല്ലാം ഒരേസമയം ഒരവസരവും ഭീഷണിയുമത്രേ. ആശയവിനിമയത്തിനും കൂട്ടായ്മയ്ക്കുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യശരീരം തന്നെഹിംസയുടെയുംകൊടിയ അക്രമത്തിന്റെയും ഉപകരണമായി മാറാം. അതുപോലെതന്നെ, മനുഷ്യന്റെ സാങ്കേതികമായ കൂട്ടിച്ചേർക്കലുകൾ മനുഷ്യരുടെ സ്നേഹസേവനത്തിനായും ശത്രുതാപരമായ പ്രാമാണ്യത്തിനായും അധിനിവേശത്തിനായുമുള്ള ഉപകരണങ്ങളായി ഉപയോഗിക്കപ്പെടാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങൾക്ക് അജ്ഞതയെ അകറ്റി, വിവിധ ജനങ്ങൾക്കിടയിലും തലമുറകൾക്കിടയിലും അറിവു കൈമാറ്റം ചെയ്യുന്നതിനും സഹായകരമായി വർത്തിക്കാം. ഉദാഹരണത്തിന്, പുരാതനയുഗത്തിലെ രേഖപ്പെടുത്തപ്പെട്ട അറിവിന്റെ ബൃഹത്തായ പൈതൃകത്തെ സംലഭ്യമാക്കാനും മനസ്സിലാക്കിക്കൊടുക്കാനും നിർമിതബുദ്ധിക്കു സാധിക്കും. പൊതുവായ ഒരു ഭാഷയില്ലാത്ത വ്യക്തികൾക്കിടയിലും ആശയവിനിമയം സാധ്യമാക്കാൻ പോന്നതാണത്. അതേസമയം, വൈജ്ഞാനികമായ മലിനീകരണത്തിന്റെ (Cognitive pollution) ഒരു സ്രോതസ്സായി അതു മാറാം. സത്യത്തെ വക്രീകരിച്ച് ഭാഗികമോ സമ്പൂർണമോ ആയ തെറ്റായ ആഖ്യാനങ്ങളിലൂടെ, അതാണ് സത്യം എന്നു പ്രചരിപ്പിക്കാനും പ്രക്ഷേപണം ചെയ്തു ജനങ്ങളെ വിശ്വസിപ്പിക്കാനുമുള്ള സാധ്യത ഏറെയാണ്. വ്യാജവാർത്തകൾ പ്രചരിപ്പിച്ച് തെറ്റായ വിവരം മനപ്പൂർവം നല്കുക (Disinformation) എന്നത് ദീർഘകാലമായുള്ള പ്രശ്നമത്രേ ആഴമായ വ്യാജം (Deep fake) ഉപയോഗിച്ച്, തികച്ചും വിശ്വസനീയമായ രീതിയിൽ സചിത്രമായി അവതരിപ്പിച്ചുകൊണ്ടുള്ള അസത്യപ്രസ്താവനകൾ ഇന്നു സാധ്യമാണ്. ഒരു വ്യക്തി ഒരിക്കലും പറയാത്ത കാര്യങ്ങൾപോലും, അയാളുടെതന്നെ ശബ്ദവും വാക്കുകളും ഉപയോഗിച്ചുകൊണ്ടുള്ള ശബ്ദസന്ദേശങ്ങൾ (Audio messages) ഇന്നു പ്രചരിപ്പിക്കാനാവും! ഇത്തരം പ്രോഗ്രാമുകളുടെ പുറകിലുള്ള കൃത്രിമമാതൃകയും അനുകരണ സാങ്കേതികവിദ്യയും



(Technology of simulation) ചില സാഹചര്യങ്ങളിൽ, മേഖലകളിൽ, ഉപയോഗപ്രദമാണ്. മനുഷ്യബന്ധങ്ങളെ വക്രീകരിച്ചു ശിഥിലമാക്കുകയും സത്യത്തെ വളച്ചൊടിക്കുകയും ചെയ്യുമ്പോൾ അത് വികൃതമായിത്തീരുന്നു.

നിർമിതബുദ്ധിയുടെ ആദ്യതരംഗം ഉണ്ടായ സാമൂഹികമാധ്യമങ്ങളിലെ ഈ അവ്യക്തതയും ധൈര്യവും നാം അനുഭവിച്ചറിഞ്ഞതാണ്. സാമൂഹികമാധ്യമത്തിന് ഏറെ സാധ്യതകളുള്ളപ്പോൾത്തന്നെ അപകടസാധ്യതകളും അതുമായി ബന്ധപ്പെട്ട രോഗലക്ഷണങ്ങളുമുണ്ട്. നിർമിതബുദ്ധിയുടെ രണ്ടാമത്തെ ലെവലായ, ഉപമേഖലയായ ജനറേറ്റീവ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രതിനിധികരിക്കുന്നത് ഉചിതമായ ഒരു കുതിച്ചുചാട്ടംതന്നെയാണെന്നത് അവിതർക്കിതമാണ്. എന്നാൽ, ഇവിടെയും വേണ്ട നിയന്ത്രണങ്ങൾ ആവശ്യമാണ്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും അംഗീകരിച്ചാദരിക്കുകയും ചെയ്യുമ്പോൾത്തന്നെ അവ തെറ്റായ കരങ്ങളിൽ എത്തപ്പെട്ട് ദുരുപയോഗം ചെയ്യപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മനുഷ്യധിഷണയുടെയും നൈപുണ്യത്തിന്റെയും ഏത് ഉത്പന്നം പോലെതന്നെ അൽഗോരിതങ്ങളും നിഷ്പക്ഷമല്ല. അക്കാരണത്താൽ, അവയുടെ ദുരുപയോഗം തടയുന്നതിനുള്ള സത്വരനടപടികൾ ആവശ്യമാണ്. ധാർമികനിയന്ത്രണങ്ങളെ സമാദരിക്കുന്ന മാതൃകകളാണ് നിർദേശിക്കേണ്ടത്. സാമൂഹികനീതിക്കു നിരക്കാത്തവിധത്തിലും മനുഷ്യർക്കിടയിൽ വിഭാഗീയതയും ശത്രുതയും സൃഷ്ടിക്കുന്ന തരത്തിലും അവ ഉപയോഗിക്കപ്പെടാതെ നോക്കേണ്ടതുണ്ട്. ബഹുസ്വരതയെ ഹനിക്കുന്നതിനും പൊതുജനാഭിപ്രായത്തെ ഒരു പ്രത്യേക വിഭാഗത്തിനുവേണ്ടി മാത്രം അട്ടിമറിക്കുന്നതിനും അവസരമൊരുക്കാൻ പാടില്ല. അന്തർദേശീയസമൂഹത്തോട് എനിക്ക് അഭ്യർഥിക്കാനുള്ളത്, നിർമിതബുദ്ധിയുടെ വികസനവും വിവിധരീതിയിലുള്ള ഉപയോഗവും സംബന്ധിച്ച് ഏവർക്കും ബാധകമായ ഒരു അന്തർദേശീയ ഉടമ്പടി രൂപപ്പെടുത്തുന്നതിൽ സഹകരിച്ചു പ്രവർത്തിക്കണമെന്നത്രേ. അതേസമയം, ഏതൊരു മാനുഷികസാഹചര്യത്തിലുമുള്ളതുപോലെ നിയന്ത്രണങ്ങൾമാത്രം മതിയാവും എന്നു ധരിക്കരുത്.

**മനുഷ്യത്വത്തിലുള്ള വളർച്ച**

കൂട്ടായ വളർച്ചയിലേക്കാണു നാമേവരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ വളർച്ച മനുഷ്യത്വത്തിലേക്കുള്ള വളർച്ചയും മനുഷ്യമഹാകുടുംബത്തിന്റെ വളർച്ചയുമത്രേ. ബഹുസ്വരവും വിവിധ വർഗങ്ങളെയും ജനത്തിനെയും ഉൾക്കൊള്ളുന്നതും വിവിധ മതങ്ങളെയും സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്നതുമായ സങ്കീർണമായ ഒരു സമൂഹത്തിന്റെ സംരചനയിൽ ഗുണപരമായ ഒരു കുതിപ്പ് നടത്താൻ നാം വെല്ലുവിളിക്കപ്പെട്ടിരിക്കുകയാണ്. ആശയവിനിമയത്തിന്റെയും വിജ്ഞാനത്തിന്റെയും ഈ പുതിയ ഉപകരണങ്ങളുടെ സൈദ്ധാന്തികമായ വികാസത്തെക്കുറിച്ചും അവയുടെ ദൈനംദിന ജീവിതത്തിലെ ഉപയോഗത്തെക്കുറിച്ചും ശ്രദ്ധയോടെ വിചിന്തനം നടത്താനും നാം വിളിക്കപ്പെട്ടിരിക്കുന്നു. നന്മയ്ക്കായുള്ള അവയുടെ ബൃഹത്തായ സാധ്യതകളോടൊപ്പം ചില അപകടസാധ്യതകളും അവയെ പിന്തുടരുന്നുണ്ട്. എല്ലാറ്റിനെയും അമൂർത്തമായ കണക്കുകൂട്ടലുകളായി മാറ്റിമറിക്കാനും വ്യക്തികളെ സ്ഥിതിവിവരക്കണക്കായി (Data) മാത്രം ലഘൂകരിച്ചു കാണാനുമുള്ള സാധ്യതയുണ്ട്. ചിന്തയെന്നത്, ഒരു യാന്ത്രികപ്രക്രിയ മാത്രമാണെന്നും അനുഭവജ്ഞാനമെന്നത്, ഒറ്റപ്പെട്ട കേസാണെന്നും, കരുതാനും നന്മയെ ലാഭമായിമാത്രം നോക്കിക്കാണാനും, സർവോപരി, ഓരോ വ്യക്തിയുടെയും തനിമയും അനന്യതയും നിഷേധിക്കുകയും ചെയ്തുകൊണ്ട് അവന്റെയും അവളുടെയും കഥകളെ നിഷേധിക്കാനുമുള്ള സാധ്യതയും നിലനില്ക്കുന്നുണ്ട്. സത്യത്തിന്റെയും ഉൺമയുടെയും മൂർത്തഭാവങ്ങൾ, അപ്രകാരം സ്ഥിതിവിവരക്കണക്കുകളുടെയും ' ഡാറ്റ'യുടെയും ബാഹുല്യത്തിന്റെ കോലാഹലങ്ങളിൽ അലിഞ്ഞില്ലാതാവുന്നുവെന്നതാണ്, യാഥാർഥ്യം.

ഡിജിറ്റൽ വിപ്ലവത്തിന് (Digital Revolution) കൂടുതൽ സ്വാതന്ത്ര്യം നമുക്കു പ്രദാനം ചെയ്യാനാകുമെങ്കിലും, നമ്മെ ചില മാതൃകകളുടെ അടിമകളാക്കിത്തീർക്കാൻ അനുവദിച്ചുകൂടാ. എക്കോ ചേംബറുകളുടെ തടവുകാരായിത്തീരുന്നത് ഒട്ടും ആശാസ്യമല്ല. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, നമ്മുടേതിൽനിന്നു വ്യത്യസ്തമായ വിശ്വാസപ്രമാണങ്ങളെയും ചിന്താഗതികളെയും ബദൽചിന്തകളെയും പാടേ നിരസിക്കുകയെന്ന ഇടുങ്ങിയ മനോഭാവമത്രേ! ഈ സാഹചര്യത്തിൽ, അറിവിന്റെ ബഹുസ്വരത വർധിക്കാതിരിക്കുന്നതിനു പകരം, ആശയക്കുഴപ്പത്തിന്റെ ചെളിക്കുണ്ടിൽ ഒഴുകിനടക്കാനാവും നമ്മുടെ വിധി. വിപണിയുടെയും അധികാരത്തിൽ വാഴുന്നവരുടെയും ഇരകളായിത്തീരാനും അതു വഴിവയ്ക്കുന്നതാണ്. നിർമിതബുദ്ധി ഉപയോഗപ്പെടുത്തി വിഭാഗീയചിന്ത വളർത്തണമെന്നും, സ്ഥിരീകരിക്കാത്ത വാർത്തകളും കണക്കുകളും അവതരിപ്പിക്കാമെന്നും, എഡിറ്റർമാർക്ക് കൂട്ടായി നിന്നുകൊണ്ട് കൃത്യനിർവഹണത്തിൽ വീഴ്ചവരുത്താമെന്നുമുള്ള ചിന്തകൾ നമുക്കു സ്വീകാര്യമല്ല. യന്ത്രങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു ബൃഹത്തായ സ്ഥിതിവിവരക്കണക്കുകൾ (Big Data) എത്രതന്നെ അത്യന്താപേക്ഷിതമാണെങ്കിലും വസ്തുതകളുടെ നിജസ്ഥിതി നഷ്ടപ്പെടാനുള്ള വലിയ സാധ്യത അന്തിമവിശകലനത്തിൽ നിലനില്ക്കുന്നതായി കാണാം. വ്യക്തികൾക്കിടയിലെ ആശയവിനിമയത്തിന് വിഘാതമായിത്തീരുന്ന ഈ സാഹചര്യം നമ്മുടെ മാനവികതയ്ക്കുതന്നെ ഭീഷണിയത്രേ. അറിവിനെ സജീവമായ, ഊഷ്മളമായ മനുഷ്യബന്ധത്തിൽനിന്നു വേർപെടുത്താനാവില്ല. മനുഷ്യശരീരവും യഥാർഥജീവിതത്തിലെ ഇടപെടലും മുഴുകലും അതിലുൾപ്പെടുന്നുണ്ട്. സ്ഥിതിവിവരക്കണക്കുകളും ഡാറ്റയുമായിമാത്രമല്ല അതു ബന്ധപ്പെട്ടിരിക്കുന്നത്; പ്രത്യുത, മനുഷ്യന്റെ അനുഭവജ്ഞാനവുമായിട്ടുകൂടിയാണ്. അതിനു വേണ്ടത്, സംവേദനക്ഷമതയും അനുകമ്പയും പങ്കുവയ്ക്കലുമാണ്. ഇതര മനുഷ്യരുടെ മുഖവും മുഖഭാവങ്ങളും തിരിച്ചറിയാൻ നമുക്കു സാധിക്കണം.

ആശയവിനിമയമേഖലയിൽ ആശ്വാസമായ, സർഗാത്മകമായ സംഭാവനകൾ നൽകാൻ നിർമിതബുദ്ധിയുടെ ഉപയോഗംവഴി സാധിക്കും. പ്രഫഷണൽ ജേണലിസത്തെ അതു തുടച്ചുനീക്കാതിരുന്നാൽമാത്രം മതി. ജേണലിസത്തെ സഹായിക്കുന്നവിധമാവണം അതിന്റെ പ്രവർത്തനശൈലി. ആശയവിനിമയത്തിന്റെ പ്രഫഷണൽസ്വഭാവത്തെ അംഗീകരിക്കുന്നതുമായിരിയിരിക്കണം അത്. തന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു കൂടുതൽ അവബോധമുള്ളവരായിരിക്കണം ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും. അപ്രകാരം അവരെല്ലാവരും വിവേകബുദ്ധിയോടെ ആശയവിനിമയമേഖലയിൽ പങ്കാളികളാവട്ടെ! ■

നോവൽ 26



# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

അകലങ്ങളിൽ നോക്കി ഉരുകിയുരുകി കരയുകയാണ് ആ മാതൃഹൃദയം.

ഉറ്റവരെയൊക്കെ വിധി അവളിൽനിന്നു ബലമായി കവർന്നെടുത്തുകളഞ്ഞു, നിലവിളികൾക്കു തടയാനാവാത്ത വിധം.

എന്നിട്ടും തകർന്നുതുടങ്ങിയ ഈ പാതയുടെ ഇരുണ്ടമൂലയിലിരുന്നു പേക്കാഴ്ചകൾ കാണുകയാണൊരമ്മ.

പോകട്ടെ, എല്ലാമെല്ലാം ഇല്ലാതാകട്ടെ. തെറ്റുകളും ശരികളും ഇടകലർന്ന ഒന്നാണല്ലോ ജീവിതംതന്നെ.

പുറകോട്ടു നോക്കരുതെന്നു വിചാരിക്കുന്തോറും ഓർക്കാപ്പുറത്ത് അങ്ങോട്ടു വീണ്ടും നോക്കിപ്പോവുകയാണ്. പരമാനന്ദത്തിന്റെ, അനുഭൂതികളുടെ ദലങ്ങൾ അത്രയും വാടിപ്പോയി. പക്ഷേ, അവയുടെ പരിമളം അനശ്വരമായി നിൽക്കുന്നുണ്ട്. ആ ഓർമകളുടെ പറുദീസയിൽനിന്ന് അവളെ ആർക്കും ആട്ടിപ്പുറത്താക്കാൻ സാധിക്കുകയില്ലല്ലോ. തൊട്ടടുത്താണോ വളരെ ദൂരെയാണോ കുഴിമാടം എന്നറിയില്ല. അവിടംവരെ ഓർമകളും സഞ്ചരിക്കും. ജീവിതത്തിന്റെ ഏകാന്തമായ മരുഭൂമിയിൽ കെട്ടിപ്പടുത്ത കണ്ണീർക്കൂടാരത്തിൽ ഓർമക്കൈത്തിരി എന്നും കത്തിക്കൊണ്ടിരിക്കും...

സേരെഷ് ആ പാതയോരത്ത് ആരാലും ശ്രദ്ധിക്കപ്പെടാതെ ആരെയും ശ്രദ്ധിക്കാതെ നില്ക്കുകയാണ്. അവ്യക്തതയുടെ മൂടൽമഞ്ഞിനപ്പുറത്തെ ചിതറിയചിത്രങ്ങൾപോലെ കഴിഞ്ഞകാലങ്ങൾ!

അവൾക്കിപ്പോൾ കാലമോ നഗരമോ ഇല്ല. ചിറകില്ല, കൂടില്ല. പറക്കാൻ ആകാശംപോലുമില്ല.

കാവൽക്കാരുടെ കഴുകൻ കണ്ണുകളുണ്ട് ചുറ്റിലും.

സ്നേഹം തന്നവർ സമ്മാനിക്കുന്നത്...?

എത്ര ബലമുള്ള തഴുതിട്ടിട്ടും തള്ളിക്കയറിവരികയാണ് പിന്നാമ്പുറങ്ങൾ.

മാനം മൂടിക്കെട്ടിക്കിടക്കുന്നു. ഈ അമ്മയുടെ മനസ്സുപോലെ സ്ഥായിയായ ഒരു വിഷാദഭാവമുണ്ട് സൂസാനഗരത്തിനും.

ഉള്ളംകൈയിൽനിന്നു തെറിച്ചുവീണ് കാണാതായിപ്പോയ തുട്ടുപോലെ വിലയറ്റുപോയ ജീവിതം.

ദുഃഖത്തിന്റെ തിരമാല പാദങ്ങളേ നനച്ചിരുന്നുള്ളു.

പിന്നീടത് മുട്ടോളമെത്തി ഉയർന്നുയർന്ന് ഇപ്പോളത് അരയോളമായിരിക്കുന്നു... ഇനി...

ഇനി അവസാനം...

ഭർത്താവ് നഷ്ടപ്പെട്ടാൽ ഒരു തണലുപോയി.

കലഹങ്ങൾക്കും പരുഷകൾക്കുമപ്പുറത്ത് ഒളിപ്പിച്ചുവച്ചിരുന്ന ആ സ്നേഹം ഇനിയെന്നാണു തിരിച്ചുകിട്ടുക? മുറിവുകളിൽ കനിവിന്റെ കണ്ണീരുപുരട്ടാൻ ഇനി ആര്! അവഗണനയുടെയും അപമാനത്തിന്റെയും മഞ്ഞുമലകൾ ഒഴുക്കിക്കളയുന്ന സൂര്യൻ ഇനി ഉദിക്കുമോ!

വീടിനെ നടുക്കടലിൽ ഇട്ടിട്ടുപോയ ഗൃഹനാഥൻ. വ്യസനങ്ങളിൽ ഇരുൾവീണിരിക്കുന്നു. അവസാനത്തുള്ളിയും വറ്റിപ്പോയി. വറ്റാത്ത ഉറവുകളെ കണ്ണീരിന്റെ തിരശ്ശീല മറച്ചുകളയുന്നു.

മക്കൾ നഷ്ടപ്പെട്ടു ഭ്രാന്തുപിടിക്കാനിനി അമ്മ മാത്രമുണ്ട്. നക്ഷത്രങ്ങളാണ് കൺമുന്നിൽ പൊലിഞ്ഞുപോയത്. ജീവിതവൃക്ഷത്തിന്റെ നാമ്പും കൂമ്പും തളിരും ഇലയും പൂക്കളുമെല്ലാം ഈ നക്ഷത്രങ്ങളായിരുന്നു.

കത്തിത്തീർന്ന പന്തങ്ങളുടെ വെളിച്ചമേയുള്ളൂ ബാക്കി.

കഴുമരത്തിൽ കിടന്നാടുകയാണ് പത്തു ജഡങ്ങൾ, പത്തു മക്കൾ....!

മരണവിധികളെ മുന്നിൽക്കണ്ട് നിലവിളിച്ചിന്തുപോലെ കീറിപ്പോയ മുഷിഞ്ഞജീവിതവും നെഞ്ചോടടുക്കിപ്പിടിച്ചുകൊണ്ട് വിധവയാക്കപ്പെട്ടൊരമ്മ, ചിത്തരോഗിയെപ്പോലെ വേവലാതിപ്പെടുകയാണ്.

എങ്ങനെ സഹിക്കാനാണീ സങ്കടങ്ങൾ!

അത്രമേൽ കെട്ടുപിണഞ്ഞതാണ് സേരഷിന്റെ വേദന.

എത്ര പെയ്തിട്ടും തീരാത്ത കാർമേഘം, എത്ര ഒഴുകിയിട്ടും



വറ്റാത്ത നീരൊഴുക്ക്. ഭൂമിയെ മുക്കിക്കൊല്ലാവുന്നത്ര ആവേഗത്തോടെ തേങ്ങിത്തല്ലുന്ന കണ്ണീരിന്റെ ഉപ്പുകടൽ.

കുടിപ്പകയും പടയോട്ടങ്ങളും മുഖമുദ്രയാക്കിയ സമൂഹം. അധികാരത്തിന്റെ നുകത്തിനു കീഴിൽ പണിയെടുക്കാനും പടയ്ക്കു പോകാനും മരിച്ചുവീഴാനും കടപ്പെട്ട സമൂഹം.

കാലഘട്ടത്തിന്റെ ഇത്തരത്തിലുള്ള എല്ലാ തിന്മകളുടെയും ഇരയായവൾ.

മക്കളുടെ ശരീരങ്ങൾ കഴുകന്മാർക്ക് ആഹാരമാകാൻ മണിക്കൂറുകൾ മാത്രം.

അവരുടെ ജീവനറ്റ കാലുകളിൽ കെട്ടിപ്പിടിച്ച് ഒന്നു കരയണമെന്നുണ്ട്.

മാതൃത്വത്തിന്റെ മധുരം നുകർന്ന അവരുടെ ചുണ്ടുകളിൽ അവസാനചുംബനം നൽണമെന്നുണ്ട്.

കളിച്ചും ചിരിച്ചു ഓടിയും വീണും തനിക്കുചുറ്റും സ്നേഹത്തിന്റെ കിലുക്കങ്ങൾ തീർത്ത അവരെ മടിയിരുത്തി ലാളിക്കണമെന്നുണ്ട്...

അമ്മേ...! എന്നൊരു വിളിക്കു കാതോർക്കണമെന്നുണ്ട്.

മരണത്തെ ആഘോഷമാക്കിയിരുന്നവരെല്ലാം ഓരോരുത്തരായി മടങ്ങി.

അധികാരികൾ...

പട്ടാളക്കാർ...

സാധാരണക്കാർ...

അവരുടെ സൗമ്യത മേലങ്കിമാത്രമാണ്. ഉള്ളിലെ വന്യഭൂമികയ്ക്കുമേലെ ഒരു പട്ടുചേല.

ഇനി നടുക്കങ്ങളോടെ ഒരമ്മമാത്രം. ഉരുകിത്തീരുന്ന മെഴുതിരി.

സന്ധ്യ ഇരുളിന്റെ ക്രൂരനഖങ്ങളിൽപിടഞ്ഞു വീണു... വാർന്ന രക്തവുമായി അവളെങ്ങോ ഓടിമറയുകയാണ്.

ശബ്ദമില്ലാത്ത ആ അമ്മയും എങ്ങോ മറഞ്ഞു. രാജ്യത്തിന്റെ രണ്ടാംസ്ഥാനത്തോളമുയർന്ന അധികാരാഘോഷങ്ങളുടെ ഹെർമോനിൽനിന്ന് അവഗണനയുടെ, ദാരിദ്ര്യത്തിന്റെ, ഒറ്റപ്പെടലിന്റെ ഇരുട്ടുമൂടിയ മലയിടുക്കിന്റെ അഗാധങ്ങളിലേക്ക്.

പിന്നീടാരും സേഷെിനെ കണ്ടിട്ടില്ല. എവിടെപ്പോയെന്നറിയില്ല.

നാടും നഗരവും സാധാരണ ജീവിതത്തിലേക്കു മടങ്ങി.

അപ്പോഴതാ ഒരു നട്ടുച്ചയ്ക്കു ഒരു പഴതുണിക്കെട്ട് രാജവീഥിയിലൂടെ നടക്കുന്നു. അത് ചിലപ്പോൾ ഓടുന്നു.

ചിലമ്പുന്ന ശബ്ദത്തിൽ ആരെയൊക്കെയോ വിളിക്കുന്നു, കരയുന്നു, ചിരിക്കുന്നു...

നടന്നലഞ്ഞു വഴിയരികിലെ അത്തിമരത്തിന്റെ ചോട്ടിൽ വീണു ചീഞ്ഞ അത്തിപ്പഴങ്ങൾ എടുത്തു തിന്നുന്നു.

തൊട്ടപ്പുറത്ത് കൂടെനടക്കുന്നവരോട് അതു വേണോ എന്ന് ചോദിച്ചു ചിരിക്കുന്നു. ആരെയെങ്കിലും കാണുമ്പോൾ ഓടിച്ചെന്ന് ''നീ എന്റെ വൈസാഥാമോനല്ലേ?'' എന്നു കരയുന്നു. തലതല്ലുന്നു.

അടിമകളും ഷണ്ഡന്മാരുമെല്ലാം അവരെ നോക്കി ചിരിക്കുന്നു. അടിമകളുടെ കുഞ്ഞുങ്ങൾ ആ സ്ത്രീയെ കല്ലെറിയുകയും ഓടിക്കുകയും ചെയ്തു കളിക്കുകയാണ്.

അപ്പോൾ നാവിൽനിന്ന ലോകത്തിനു നേരേ പുളിച്ചതെറി തെറിച്ചുവീഴുന്നു. ഓടുകയാണ് പിന്നീടൊരു അഭയം തേടി.

ചെന്നുനിന്നത് രാജകൊട്ടാരത്തിന്റെ വലിയ വാതിലിനടുത്താണ്.

ആർക്കും അവളെ മനസ്സിലായില്ല. ഗേറ്റിനകത്തേക്കു കടക്കാൻ ശ്രമിച്ചപ്പോൾ കാവൽക്കാർ അവളെ തടഞ്ഞു. പല പ്രാവശ്യം ഇതാവർത്തിച്ചപ്പോൾ അവരുടെകൈകളുടെ ബലമവളറിഞ്ഞു.

അവർ അവളെ കില്ലപ്പട്ടിയെപ്പോലെ തോണ്ടിയെറിഞ്ഞു. കാറിക്കരഞ്ഞുകൊണ്ട് അവൾ വീണ്ടും വന്നു.

കൊട്ടാരപ്പടിപ്പുരയിലെ അസാധാരണമായ ബഹളമറിഞ്ഞ് ഹാഗായ് ഓടിവന്നു.

''എന്താണിവിടെ?''

അയാളന്വേഷിച്ചു.

''ഒരു ഭ്രാന്തിപ്പെണ്ണാണ് കൊട്ടാരത്തിനകത്തേക്കു കടക്കാനുള്ള ശ്രമം തടഞ്ഞതാണ് ഞങ്ങൾ.''

അവർ വിശദീകരിച്ചു.

''ആരാ...? അവർ എവിടെപ്പോയി?

ഹാഗായ് പുറത്തെല്ലാം പരതി.

അപ്പോഴേക്കും ആ പഴന്തുണി ഓടിവന്നു. വല്ലാത്ത മിഴിത്തിളക്കമുണ്ട്, ആകാംക്ഷയുണ്ട്, ആവേശമുണ്ട്.

''ഹാഗായി അല്ലേടാ?''

അവർ ചോദിക്കുന്നു.

ചോദ്യം ഞെട്ടിച്ച കണ്ണുകളോടെ ഹാഗായ് അവരുടെ മുഖം തിരയുന്നു. മാഞ്ഞുപോയ മുഖം.

അതിനെ തെളിച്ചെടുക്കാൻ ശ്രമിക്കുന്ന ചുളിവുകൾ നെറ്റിയിൽ വരയുന്നുണ്ട്.

''ഇത് സേരഷല്ലേ? പഴയ പ്രധാനസചിവന്റെ ഭാര്യ? എത്രനാൾ ആ കൈകൊണ്ട് വിളമ്പിയ ഭക്ഷണം കഴിച്ചതാണ്! എത്രനാൾ അവരുടെ ആജ്ഞകൾക്കു കാതോർത്തു മുന്നിൽ നിന്നതാണ്...!''

ഒന്നും മിണ്ടാതെ നില്ക്കുന്ന അവനോട് ഭ്രാന്തി വീണ്ടും ചോദിച്ചു: ''ഹാഗായ് അല്ലേടാ നീ... നിന്റെ യജമാനനില്ലേ അകത്ത്? ഇങ്ങോട്ടുവരാൻ പറയൂ. എനിക്ക് വിശക്കുന്നെടാ...''

പിന്നീടൊരു കരച്ചിലായിരുന്നു.

കരച്ചിൽ ഒരു പൊട്ടിച്ചിരിയായി.

ചിരിച്ചുചിരിച്ചു തളർന്നു. പിന്നെ അവിടെ മതിലിനു താഴെ തണലിൽ കൂനിക്കൂടിയിരുന്നു.

പാവം തോന്നി അയാൾക്ക്.

അവരെ ഒന്നും ചെയ്യരുതെന്നു കാവൽഭടന്മാരോട് നിർദേശിച്ചുകൊണ്ട് ഹാഗായ് പെട്ടെന്ന് കൊട്ടാരത്തിലേക്കു മടങ്ങി.

നേരേ ചെന്നെത്തിയത് മഹാരാജ്ഞിയുടെ മുന്നിലേക്കാണ്. അവിടെ ആഹ്ലാദക്കട്ടിലിലിരുന്നാടുകയാണ് രാജ്ഞി. ഷബാനിയും നെഹമിയായും തോഴിമാരുമുള്ള ഒരു വലിയ സദസ്സിന്റെ നടുവിലാണ് അവർ.

മുന്നിലെത്തിയ ഹഗായിയോട് രാജ്ഞി മുഖമുയർത്തി.

അത്, ആഗമനോദ്ദേശ്യം എന്തെന്നറിയാനുള്ള ചോദ്യമാണ്.

അവൻ ഉത്തരം പറയാതെ ചുറ്റുമുള്ളവരെ നോക്കി.

എസ്തേറിനു വേഗത്തിൽ കാര്യം മനസ്സിലായി. തോഴിമാരും ഷബാനിയുമെല്ലാം ഞൊടിയിടയിൽ മുറിക്കുപുറത്തായി.

''ഉം?''

വീണ്ടും മഹാരാജ്ഞിയുടെ ചോദ്യം.

''കൊട്ടാരത്തിനു പുറത്ത് അടിയനൊരു കാഴ്ചകണ്ടു മഹാരാജ്ഞി.''

അവൻ ഉദ്വേഗത്തോടെ ഉണർത്തിച്ചു. അവൾ ചെവി കൂർപ്പിച്ചു.

''വല്ലാത്ത സങ്കടക്കാഴ്ച. കൊട്ടാരത്തിന്റെ മതിലിനപ്പുറത്ത് ഒരമ്മ. ഭ്രാന്തിയായ ഒരമ്മ. ഭർത്താവും പത്തുമക്കളും നഷ്ടമായ ഒരമ്മ.

ഹഗായിയുടെ വാക്കുകളിൽ എസ്തേർ നടുങ്ങി.

അറിയാതെ അവളുടെ കൈകൾ സ്വന്തം അടിവയറു തടവി.

ദീർഘശ്വാസം പോലൊരു കാറ്റ് ആ വഴി കടന്നുപോയി.

''എനിക്ക് അവരെ കാണണം.'' എസ്തേർ ശഠിച്ചു.

''വേണ്ട മഹാറാണി. ആകെ മുഷിഞ്ഞുനാറിയ രൂപമാണ്. സങ്കടമാണെങ്കിലും ശത്രുവാണ്.

അവന്റെ അളന്നു മുറിച്ച വാക്കുകളിൽ അവൾ ഞെരുങ്ങി.

''ആരായാലും അവളൊരമ്മയല്ലേ?''

എസ്തേർ ചോദിച്ചു.

''മഹാരാജാവും പ്രധാന സചിവനും അറിഞ്ഞാൽ...?''

ഹഗായ് ഭവിഷ്യത്തുകൾ ഓർമപ്പെടുത്തി.

''അറിയട്ടെ. ഇത് എന്റെ തീരുമാനമാണ്. രണ്ടു മൂന്ന് അടിമകളുമായി നീ ഞങ്ങളുടെ കൂടെ വരൂ.''

മഹാറാണി കല്പിച്ചു.

വേഗത്തിൽ എസ്തേർ കുറച്ചു തോഴിമാരുമായി കൊട്ടാരത്തിനു പുറത്ത് രാജവീഥിയുടെ ആരംഭത്തിലെത്തിച്ചേർന്നു.

എല്ലാവരും അദ്ഭുതാദരവുകളോടെ രാജ്ഞിയെ വണങ്ങി ഒതുങ്ങിനിന്നു.

ഒന്നും ശ്രദ്ധിക്കാതെ അവൾ ആ ഭ്രാന്തിത്തള്ളയുടെ അടുത്തേക്കോടിയെത്തി. എന്നിട്ട് ഹൃദയപൂർവം വിളിച്ചു.

''അമ്മേ...!''

ഭ്രാന്തി ഞെട്ടിത്തിരിഞ്ഞു. വിടർന്നിളകുന്ന കണ്ണുകളോടെ നോക്കിയിട്ട് നെടുവീർപ്പു പോലൊരു ചോദ്യം:

''നീ ഏതാ? എന്റെ പാർഷാൻദാഥായുടെ പെണ്ണാണോ?''

''അമ്മേടെ മോളാ...!''

അങ്ങനെ പറയാനാണ് എസ്തേറിനു തോന്നിയത്.

അവൾ ആ ദുഃഖത്തെ കൈപിടിച്ച് എഴുന്നേല്പിച്ചു. തോഴിമാരെ വിളിച്ച് അവരെ കുളിപ്പിക്കാനും നല്ല വസ്ത്രം ധരിപ്പിക്കാനും ആഹാരം കൊടുക്കാനും ഏർപ്പാടുചെയ്തു.

''നമ്മുടെ വയസ്സായ അടിമസ്ത്രീകൾ താമസിക്കുന്നിടത്ത് ഇവരെ എത്തിക്കുക. ബഹുമാനത്തോടെ സംരക്ഷിക്കുക.''

രാജ്ഞി കല്പിച്ചു.

തിരിച്ചുനടക്കുമ്പോൾ നാലു കണ്ണുകൾ ഈറനണിഞ്ഞു. മഹാരാജ്ഞിയുടെയും ഭ്രാന്തിയുടെയും.

(തുടരും)

# കത്തോലിക്കാ കോൺഗ്രസ് സമുദായത്തിന്റെ കരുത്താകണം

(3-ാം പേജ് തുടർച്ച)

സമുദായബോധം സഭയുടെ അവിഭക്തപാരമ്പര്യത്തിൽനിന്നു വരേണ്ടതാണ്. അവിഭക്തനസ്രാണിപാരമ്പര്യത്തെ മുറുകെപ്പിടിക്കുമ്പോഴാണ് കത്തോലിക്കാ കോൺഗ്രസ് ആഴമുള്ള ഒരു സമുദായസംഘടനയായി മാറുന്നത്.

സഭാചരിത്രവും സഭാവിജ്ഞാനീയവും മാറ്റിനിർത്തിക്കൊണ്ട് ഒരു സമുദായം എന്ന നിലയിൽ വളരാൻ നമുക്കു സാധിക്കുകയില്ല. സമുദായവും സഭയും ഒന്നിച്ചുപോകേണ്ട കാര്യങ്ങളാണ്. സമുദായബോധം അല്മായർക്കുമാത്രം പോരാ; നേതൃത്വം നൽകുന്ന വൈദികർക്കും മേലധ്യക്ഷന്മാർക്കും ഇതര വ്യക്തികൾക്കും കൂടിയേ തീരൂ. സുറിയാനി ഭാഷയും ലിറ്റർജിയും സഭാചരിത്രവും അറിയാവുന്ന നേതൃത്വത്തിലൂടെ മാത്രമേ ഈ സമുദായത്തെ വീണ്ടെടുക്കാനും ശക്തീകരിക്കാനും സാധിക്കൂ. സമുദായബോധവത്കരണം തീവ്രമായ നിലയിൽ നമ്മൾ ഇനിയും പ്രോത്സാഹിപ്പിക്കേണ്ടതായിട്ടുണ്ട്. ന്യൂനപക്ഷാവകാശം എന്നു പറയുന്നത്; ആനുകൂല്യങ്ങൾ അനുഭവിക്കുന്നതു മാത്രമല്ല, നമ്മുടെ ഉത്തരവാദിത്വങ്ങൾ കണ്ടെത്തുന്നതുകൂടിയാണ്.

ചിലപ്പോഴെല്ലാം നമ്മുടെ സഭയുടെ അടിസ്ഥാനപരമായ പാരമ്പര്യം ഉറങ്ങിപ്പോകുന്നുണ്ടോ എന്നതും ചിന്തിക്കേണ്ടതുണ്ട്. സ്ലീപ്പിങ് ട്രെഡീഷൻ എന്നു വിദേശത്തുള്ളവർ ചിലപ്പോഴെല്ലാം നമ്മുടെ സഭയുടെ പാരമ്പര്യത്തെക്കുറിച്ചു പറയാറുണ്ട്. അതിനെല്ലാം ഒരു ഉണർവ് നൽകിയത് വാസ്തവത്തിൽ കത്തോലിക്കാ കോൺഗ്രസാണ്. അവർ സഭയുടെ അടിസ്ഥാനപരമായ പ്രതിസന്ധികളിലെല്ലാം ഇറങ്ങിപ്രവർത്തിക്കുകയും വലിയ നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. ജോൺ കച്ചിറമറ്റം സാറിന്റെ സാന്നിധ്യംതന്നെ അതിന് ഏറ്റവും വലിയ ഉദാഹരണമാണ്. പാരമ്പര്യം നഷ്ടപ്പെടുമ്പോൾ ആമകളെപ്പോലെ നമ്മളും പുറംതോടു സൃഷ്ടിച്ച് ഉള്ളിലേക്കു വലിയുകയും വളയുകയുമാണ്. അപ്പോൾ നമുക്കു നട്ടെല്ലില്ലാതെ പോവുകയാണ്. അമിതമായ നീക്കുപോക്കുകളിലേക്കു പോകുമ്പോഴും നമ്മുടെ ഉള്ള നട്ടെല്ലും നഷ്ടപ്പെടുകയാണ്. അതുകൊണ്ട്, ഉത്തരവാദിത്വബോധത്തോടെയുള്ള നല്ല പഠനങ്ങളിലൂടെ നമ്മുടെ സമുദായത്തിന്റെ അടിസ്ഥാനബോധ്യങ്ങൾ നമ്മൾ കണ്ടെത്തണം.

ഇ.ഡബ്ല്യു.എസിനെക്കുറിച്ചു വളരെയേറെ പഠനങ്ങൾ കത്തോലിക്കാ കോൺഗ്രസ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനസർക്കാരിന്റെ ഇ.ഡബ്ല്യു.എസ്. സംവരണമാനദണ്ഡം പഞ്ചായത്തുപ്രദേശത്ത് രണ്ടര ഏക്കർ സ്ഥലം എന്നുള്ളത് അഞ്ച് ഏക്കറെങ്കിലുമാക്കി മാറ്റേണ്ടതാണ്. വാർഷികവരുമാനം എട്ടു ലക്ഷമായി ഉയർത്തണം. അല്ലാത്തപക്ഷം നമ്മുടെ ആളുകൾ വളരെയധികം അതിൽനിന്നു പുറന്തള്ളപ്പെടും എന്ന വസ്തുത നാമറിഞ്ഞിരിക്കണം.

ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി പുറത്തുകൊണ്ടുവരണം എന്നുള്ള തീരുമാനം നമ്മൾ ഈ വലിയ സമ്മേളനത്തിൽ ആവർത്തിക്കുകയാണ്. അതുപോലെ തന്നെ, കേരളത്തിൽ ക്രൈസ്തവസമുദായത്തിന്റെ കഠിനാധ്വാനത്തിന്റെ ഫലമായിട്ടാണ് എയ്ഡഡ് മേഖലയിൽ അനേകം സ്കൂളുകൾ സ്ഥാപിക്കാനും നിരവധിപേർക്ക് ജോലി നല്കാനും സാധിച്ചത്. എങ്കിലും നമുക്കു പോരായ്മകളുണ്ട്. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ പലതും സർക്കാർ റദ്ദു ചെയ്തുകളഞ്ഞു. നമ്മുടെ സമുദായത്തിനു കിട്ടേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും സർക്കാർ ബോധപൂർവം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം എതിരായി ശക്തമായ സ്വരം സർക്കാരിന്റെ മുമ്പിൽ നമുക്ക് കേൾപ്പിക്കേണ്ടതായിട്ടുണ്ട്. ഈ സമ്മേളനം വളരെ വലിയ മുന്നേറ്റത്തിന്റെ അടയാളമായി മാറുമെന്ന് എനിക്കുറപ്പുണ്ട്. സമുദായബോധം സൈക്കോ സൊമാറ്റിക് ആണ്. അവിടെ ശരീരവും ആത്മാവും ഒന്നിച്ചുചേരണം. അങ്ങനെ ഒരു സൈക്കോ സൊമാറ്റിക് ആയിട്ടുള്ള ആഴപ്പെട്ട ഒരു പ്രസ്ഥാനമായി കത്തോലിക്കാ കോൺഗ്രസ് ഇനിയും മുമ്പോട്ടു പോകുമ്പോഴാണ് നസ്രാണികളുടെ സമുദായബലം എന്താണെന്ന് ഈ രാജ്യത്തിന് തിരിച്ചറിയാൻ സാധിക്കുന്നത്. നമ്മൾ നസ്രാണികൾ വലിയൊരു ശക്തിയാണ്. We remain bigger than our numbers - നമ്മുടെ എണ്ണത്തെക്കാൾ വലിയ മഹത്ത്വവും സ്വാധീനവും ഈ രാജ്യത്തു നമുക്കുണ്ട്. വ്യക്തിപരമായി മാത്രം അതിജീവിച്ചാൽ പോരാ, നമുക്ക് സാമുദായികമായി, സഭയായി നിലനിൽക്കണം. അതിനു വേണ്ട നല്ല തീരുമാനങ്ങൾ എടുക്കാൻ നമ്മുടെ ഈ സമ്മേളനത്തിനു കഴിയട്ടെ. ■

എ.കെ.സി.സി. 106-ാം വാർഷികസമ്മേളനം

## ആവേശക്കടലായി അരുവിത്തുറ സമ്മേളനം

അരുവിത്തുറ: കനത്ത മഴയിലും ആവേശം ചോരാതെ അരുവിത്തുറപ്പട്ടണത്തെ പുളകംകൊള്ളിച്ചുകൊണ്ടു നടന്ന കത്തോലിക്കാകോൺഗ്രസ് റാലിയും പൊതുസമ്മേളനവും, സഭയുടെയും സമുദായത്തിന്റെയും കെട്ടുറപ്പാർന്ന ബന്ധത്തിന്റെ സമുജ്ജ്വലസാക്ഷ്യമായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി ആയിരക്കണക്കിന് എ.കെ.സി.സി. പ്രവർത്തകർ റാലിയിലും തുടർന്ന് അരുവിത്തുറ പള്ളിയങ്കണത്തിൽ നടന്ന സമ്മേളനത്തിലും പങ്കെടുത്തു. പതാകകളേന്തി മുദ്രാവാക്യം വിളിച്ച് അവർ സമ്മേളനവേദിയിലേക്ക്



ഒഴുകിയെത്തി. വന്യമൃഗ അതിക്രമങ്ങൾ വിവരിക്കുന്ന ഫ്ളോട്ടും റാലിക്ക് അകമ്പടിയായിരുന്നു.

സെന്റ് ജോർജ് കോളജ് ഓഡിറ്റോറിയത്തിനു മുന്നിൽ നിന്നാരംഭിച്ച റാലി പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ ഫ്ളാഗ് ഓഫ് ചെയ്തു. കത്തോലിക്കാകോൺഗ്രസ് പതാകയുമേന്തി ഗ്ലോബൽ ഭാരവാഹികൾ ഏറ്റവും മുൻനിരയിൽ അണിനിരന്നു. തുടർന്ന്, രൂപതയിലെ വിവിധ ഇടവകകൾ പ്രത്യേക ബാനറുകൾക്കു കീഴിൽ അണിചേർന്നു.

സമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. മാർ ജോസ് പുളിക്കൽ, മാർ ജോൺ നെല്ലിക്കുന്നേൽ, മാർ തോമസ് തറയിൽ എന്നിവർ ആശംസകൾ നേർന്നു.

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത ഡയറക്ടർ ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, അരുവിത്തുറ ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, പാലാ രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി, സെക്രട്ടറി ജോസ് വട്ടുകുളം, ഗ്ലോബൽ ഭാരവാഹികൾ, രൂപതാ പ്രസിഡന്റുമാർ, സെക്രട്ടറിമാർ തുടങ്ങിയവർ റാലിക്കും സമ്മേളനത്തിനും നേതൃത്വം നൽകി.



# വിമാനത്തിലും ട്രേഡ് യൂണിയൻ ആക്രമണം

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**എ**യർ ഇന്ത്യ എക്സ്പ്രസ് വിമാനസർവീസുകൾ സാധാരണനിലയിലായിട്ടില്ല. ജീവനക്കാർ മുന്നറിയിപ്പില്ലാതെ കൂട്ടത്തോടെ രോഗാവധി എടുത്തതാണ് പ്രശ്നങ്ങൾക്ക് അടിസ്ഥാനം. പ്രതിദിനം 380 സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. അതിൽ 120 രാജ്യാന്തരസർവീസുകളും 260 ആഭ്യന്തരസർവീസുകളും ഉൾപ്പെടുന്നു. സമരം തുടങ്ങി മൂന്നു ദിവസത്തിനുള്ളിൽ 245 സർവീസുകൾ മുടങ്ങി. യാത്രക്കാർക്കുണ്ടായ നഷ്ടങ്ങൾക്കും അസൗകര്യങ്ങൾക്കും പുറമേ കമ്പനിക്കുമാത്രം 30 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

എയർ ഇന്ത്യ എക്സ്പ്രസ് എംപ്ലോയീസ് യൂണിയന്റെ നേതൃത്വത്തിലായിരുന്നു 200 ലധികം വിമാനജീവനക്കാർ കൂട്ട അവധിയെടുത്തത്. ജീവനക്കാരുടെ സേവനവേതനവ്യവസ്ഥകളെച്ചൊല്ലിയും ജീവനക്കാർക്കിടയിലെ ചേർച്ചക്കുറവിനെച്ചൊല്ലിയുമാണ് സമരം അരങ്ങേറിയതെന്നാണ് റിപ്പോർട്ട്. കേന്ദ്രസർക്കാരിന്റെ കീഴിലായിരുന്ന എയർ ഇന്ത്യ ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തപ്പോഴാണ് എയർ ഇന്ത്യ എക്സ്പ്രസായി മാറിയത്. സാമ്പത്തിക നഷ്ടംമൂലം നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോഴാണ് കേന്ദ്രസർക്കാർ വിമാനക്കമ്പനി ടാറ്റാ ഗ്രൂപ്പിനു കൈമാറിയത്. പ്രതിദിനം 20 കോടി രൂപ നഷ്ടം ഉണ്ടാക്കി വച്ചിരുന്ന കമ്പനിയുടെ മൊത്തം നഷ്ടം 60,000 കോടി രൂപയായിരുന്നു. എയർ ഇന്ത്യ ടാറ്റാ ഗ്രൂപ്പ് ഏറ്റെടുത്തപ്പോൾ എല്ലാവർക്കും വലിയ പ്രതീക്ഷയായിരുന്നു. അതിനു ള്ള കാരണം ടാറ്റാ ഗ്രൂപ്പിന്റെ ബിസിനസ് പാരമ്പര്യവും മാനേജ്മെന്റ് വൈദഗ്ധ്യവുമായിരുന്നു.

വിമാനസർവീസ് നടത്തി പരിചയമുള്ള കമ്പനിയാണ് ടാറ്റാ ഗ്രൂപ്പ്. 1932 ൽ ടാറ്റാ സൺസ് ടാറ്റാ എയർലൈൻസ് ആരംഭിച്ചു. 1946 ൽ അത് എയർ ഇന്ത്യയായി. ടാറ്റായിൽ നിന്ന് കേന്ദ്രസർക്കാർ 1953 ൽ എയർ ഇന്ത്യയുടെ കൂടുതൽ ഷെയറുകൾ സ്വന്തമാക്കുകയും 1977 വരെ ജെ.ആർ. ഡി. ടാറ്റയെ കമ്പനിയുടെ ചെയർമാൻസ്ഥാനത്തു തുടരാൻ അനുവദിക്കുകയും ചെയ്തു. 2013 ൽ ടാറ്റ ഗ്രൂപ്പ് രണ്ടു വിമാനക്കമ്പനികൾ ആരംഭിച്ചു. എയർ ഏഷ്യയും വിസ്താരയും. ടാറ്റാ ഗ്രൂപ്പ് എയർ ഇന്ത്യ ഏറ്റെടുത്തപ്പോൾ എയർ ഏഷ്യയിൽ ലയിപ്പിച്ചു. പുതിയ കമ്പനിക്ക് എയർ ഇന്ത്യ എക്സ്പ്രസ് എന്ന പേരു നൽകി. എയർ ഇന്ത്യ എക്സ്പ്രസിൽ 2500 ലധികം ജീവനക്കാരുണ്ട്. സ്വകാര്യകമ്പനിയായ എയർ ഏഷ്യയിലെയും സർക്കാർ കമ്പനിയായിരുന്ന എയർ ഇന്ത്യയുടെയും തൊഴിൽ സംസ്കാരം വ്യത്യസ്തങ്ങളായിരുന്നു. ജോലി കിട്ടിയിട്ടുവേണം അവധിയെടുക്കാൻ എന്നു ചിന്തിക്കുന്നവരെ ടാറ്റാപോലുള്ള ബിസിനസ്സ് ഗ്രൂപ്പുകൾക്ക് ഉൾക്കൊള്ളാനാവുകയില്ല. പണി ചെയ്യാതെ ആനുകൂല്യങ്ങൾ ലഭിക്കണമെന്ന സർക്കാർ ജീവനസംസ്കാരവും തൊഴിലെടുത്തു പ്രസ്ഥാനത്തെ വിജയിപ്പിക്കണമെന്ന ടാറ്റാ ഗ്രൂപ്പുസംസ്കാരവും തമ്മിൽ സംഘർഷം ആരംഭിച്ചു. സമരത്തിലേക്ക് എത്തിയത് ഈ സംഘർഷമാണ്.



കെടുകാര്യസ്ഥതയും സംഘടനാബലവും രാഷ്ട്രീയ പിന്തുണയുമുണ്ടെങ്കിൽ എന്തുമാകാമെന്ന ധാർഷ്ട്യമനോഭാവത്തോടെയാണ് എയർ ഇന്ത്യയിലെ സീനിയർ ജീവനക്കാർ അവരുടെ നേട്ടങ്ങൾക്കുവേണ്ടി ജൂണിയർ ജീവനക്കാരെ കൂടെ ച്ചേർത്ത് സമരത്തിനിറങ്ങിയത്. തൊഴിലാളിസമരത്തെ ഭയപ്പെടുന്നവരല്ല ടാറ്റാഗ്രൂപ്പ്. ടാറ്റാ ഗ്രൂപ്പ് തൊഴിലാളി സൗഹൃദക്കമ്പനിയാണ്. പത്തുലക്ഷത്തിലധികം തൊഴിലാളികൾ ടാറ്റായുടെ വിവിധ സംരംഭങ്ങളിൽ പണിയെടുക്കുന്നു.

തൊഴിലിനും തൊഴിലാളികൾക്കുംവേണ്ടി ആരംഭിച്ച തൊഴിലാളിപ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുകളും രാജ്യത്തിന്റെ വികസനത്തെ പിന്നോട്ടടിക്കുകയാണ്. ലോകത്തു മറ്റൊരിടത്തുമില്ലാത്തത്ര പിന്തിരിപ്പൻ നയങ്ങളും മർക്കടമുഷ്ടിയും ധിക്കാരവും ഉത്തരവാദിത്വമില്ലായ്മയുമാണ് ഇന്ത്യയിലെ തൊഴിലാളിപ്രസ്ഥാനങ്ങൾക്ക്. മുതലാളിയും തൊഴിലാളിയും ഗതിപിടിക്കാത്ത സമീപനമാണത്.

വിദ്യാഭ്യാസയോഗ്യതയ്ക്കും ചെയ്യുന്ന ജോലിക്കും ആനുപാതികമായിട്ടാണ് ജീവനക്കാരുടെ വേതനം. ഇന്ത്യയിലാകട്ടെ, സീനിയോരിറ്റിക്കു മാത്രമാണു പ്രാധാന്യം. ഒന്നും അറിയില്ലെങ്കിലും ചെയ്യില്ലെങ്കിലും സീനിയറായി എന്ന കാരണത്താൽ ശമ്പളവും ആനുകൂല്യങ്ങളും പദവികളും ലഭിക്കുന്ന സമ്പ്രദായം ഇന്ത്യയിൽ മാത്രമാണുള്ളത്. എയർ ഇന്ത്യയിലെ സീനിയർ ഉദ്യോഗസ്ഥർക്കു ലഭിച്ചിരുന്നതിനെക്കാൾ അധികം വരുമാനം എയർ ഇന്ത്യ എക്സ്പ്രസിലെ ജീവനക്കാർക്കു ലഭിച്ചു തുടങ്ങി. "നെറ്റ് പ്രമോട്ടർ സ്കോർ (എൻ.പി.എസ്.) അനുസരിച്ചാണ് ശമ്പളം ലഭിക്കുന്നത്. ഈ രീതി പണി ചെയ്യാതെ ഉയർന്ന വരുമാനം സമ്പാദിച്ചിരുന്നവർക്ക് അസ്വസ്ഥതയുണ്ടാക്കി.

മുഖ്യമന്ത്രി പിണറായി വിജയൻ ഭരണത്തിലെത്തിയപ്പോൾ സർക്കാർ ജീവനക്കാരോടു പറഞ്ഞത് ഒരു ഫയലിൽ ഒരു ജീവനുണ്ട് എന്നാണ്. അർഥവത്തായ ആ വാക്കുകളെ വലിയ പ്രതീക്ഷയോടെയാണ് ജനം കേട്ടത്. തൊഴിലാളിപ്രസ്ഥാനത്തെ വളവും വെള്ളവും കൊടുത്തു വളർത്തിയ ഇടതുപക്ഷസർക്കാരിനുപോലും അവരെ നിലയ്ക്കു നിറുത്താൻ സാധിക്കുന്നില്ല. കഴിഞ്ഞദിവസത്തെ വാർത്തകളിൽ കണ്ടത് 3.5 ലക്ഷം ഫയലുകൾ കുന്നുകൂടി കിടക്കുന്നുവെന്നാണ്. ഏഴുലക്ഷത്തിലധികം ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുവെന്നാണ് അനൗദ്യോഗികകണക്ക്.

തൊഴിലാളികളുടെ സേവനത്തെ മാനിക്കുമ്പോഴും അവരുടെ ഉത്തരവാദിത്വത്തെ ഓർമപ്പെടുത്താതിരിക്കാനാവുകയില്ല. ഒരു സ്വകാര്യസ്ഥാപനത്തിൽ ഒരാവശ്യത്തിനുവേണ്ടി ഒന്നോ രണ്ടോ പ്രാവശ്യമേ പോകേണ്ടിവരാറുള്ളൂ. ഏതെങ്കിലും സർക്കാർ ഓഫീസിൽ ഈ സൗകര്യം ലഭിക്കുമോ? താമസിച്ചു വരിക, നേരത്തേ പോവുക, വെള്ളിയാഴ്ച ഉച്ചയ്ക്കേ മുങ്ങുക, തിങ്കളാഴ്ച ഒത്താൽ വന്ന് ഒപ്പിടുക എന്ന രീതി മാറാതെയും പണി ചെയ്യാതെ സമരം ചെയ്യുന്ന രീതി അവസാനിപ്പിക്കുകയും ചെയ്യാതെ നാട് നന്നാവുകയില്ല. സർക്കാരിനോടു കളിക്കുന്നതുപോലെ ടാറ്റായോടു കളിച്ചാൽ പണി കിട്ടുമെന്നുറപ്പാണ്.

■

## കുഞ്ഞിക്കവിതകൾ

കാഞ്ചിയാർ മോഹനൻ

### ക്രമം

പിന്നത്തേക്കു വയ്ക്കാതെ
അന്നത്തേതന്നന്നു ചെയ്യുക
കാലക്കേടെന്നു ചൊല്ലാതെ
കാലേകൂട്ടി നിനയ്ക്കുക

### പ്രേമം

മാംസനിബദ്ധമാം പ്രേമം
മാസം തീരും മുമ്പു ചത്തിടും
മനസ്സിൽ മുളപൊട്ടുന്ന സ്നേഹം
മെല്ലെത്തഴച്ചു വളർന്നിടും

### സംശയം

എല്ലാം സംശയത്തോടെ
വീക്ഷിച്ചാൽ
തീരില്ലൊരിക്കലും സംശയം
എല്ലാം യാഥാർഥ്യമെന്നു
കണ്ടാലും
ചിലപ്പോഴതും മിഥ്യയായ് വരാം

### കാമ്പ്

കര പെട്ടെന്നു ചൂടാകുന്ന
പോൽ
കടൽ ചൂടാവില്ലെന്നുറപ്പിക്കുക
പുണരും നിന്നെയവളെപ്പൊഴും
നിന്റെ ചൂടിലവളും ചൂടായിടും.

### ഞാൻ

എല്ലാം ഞാനെന്ന ഭാവം,
പൂത്തിടും ശിഖരങ്ങളൊക്കെയും,
അധികം കാത്തിരിക്കുക വേണ്ട
ഉണങ്ങിത്താഴെയായ് വരാൻ

### ജീവിതം

പാനിയായ് വരും ശർക്കര
ഗോളമായ്ത്തീരുമെങ്കിലും
പാനിയായ്ത്തന്നെ തീരുന്നു
ആദിയന്തവുമൊന്നുപോൽ

---

വേട്ടക്കാരായ വന്യജന്തുക്കൾ

മാത്യൂസ് ആർപ്പൂക്കര

# കുറുക്കൻ

**കാ**ട്ടിലും കാടിനോടു ചേർന്നുള്ള പ്രദേശങ്ങളിലുമൊക്കെ കുറുക്കന്മാരെ കണ്ടുവരുന്നു. മനുഷ്യവാസമുള്ള പ്രദേശങ്ങളിൽ കുറുക്കന്മാർ കടന്നുവരാറുണ്ടെങ്കിലും മനുഷ്യരുമായി ഇവ ഒരിക്കലും ഇണങ്ങില്ല. മനുഷ്യൻ വളർത്തുന്ന കോഴി, താറാവ് തുടങ്ങിയ പക്ഷികളെയും ആട് മുതലായ ജീവികളെയും പിടികൂടി ശാപ്പിടാനാണ് കുറുക്കന്മാർ മിക്കപ്പോഴും നാട്ടിലിറങ്ങുക.

സൂത്രശാലികളായ വേട്ടക്കാരാണ് കുറുക്കന്മാർ. മണം പിടിക്കാനുള്ള അസാമാന്യകഴിവും ഇരയെ പതിയിരുന്ന് ആക്രമിക്കാനുള്ള വിരുതും കുറുക്കനുണ്ട്. കുറുക്കന്റെ കൂർത്ത മുൻപല്ലുകൾ ഇരയെ കടിച്ചുകീറാൻ പരുവത്തിലുള്ളതാണ്. ഏതാണ്ട് 42 പല്ലുകൾ കുറുക്കനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പക്ഷികളെയും ചെറുസസ്തനികളെയും മീനുമൊക്കെ ഇവ തിന്നുന്നു. പക്ഷികളെ പിടിക്കാനാണ് ഇവ ഏറെ സൂത്രം പ്രയോഗിക്കുക. ശ്വാസം വിടുന്ന ശബ്ദംപോലും കേൾപ്പിക്കാതെ പതുങ്ങിയിരിക്കാൻ അസാധാരണമായ കഴിവ് കുറുക്കന്മാർക്കുണ്ട്.



തവിട്ടുനിറക്കാരായ കുറുക്കന്മാരുടെ വാലിന്റെ അറ്റത്തു കറുപ്പുനിറം കാണാറുണ്ട്. കേരളത്തിലെ കാടുകളിൽ കണ്ടുവരുന്ന കുറുക്കന്മാർക്ക് ഏതാണ്ട് മൂന്നടിയോളം നീളം കാണും. പത്തു കിലോഗ്രാം വരെ ഭാരം വരും. കുറുക്കന്മാർ അഴുകിയ ഭക്ഷണവും തിന്നുക പതിവാണ്. നല്ല വേട്ടക്കാരനാണെങ്കിലും ഇറച്ചിമാത്രമേ ഇവ കഴിക്കൂ എന്നു ധരിക്കരുത്. കരിമ്പ്, മുന്തിരിങ്ങ തുടങ്ങിയവയും ഇവ ഭുജിക്കുന്നു.

പൊന്തകളിലും പാറകൾക്കിടയിലും മാളങ്ങളിലുമാണ് കുറുക്കന്മാരുടെ താമസം. ഒറ്റയ്ക്കു നടക്കാനാണ് ഇവയ്ക്കു കൂടുതലിഷ്ടം. പകലും രാത്രിയും ഇവ ഇരതേടാനും മറ്റുമായി ഇറങ്ങും. എന്നാൽ, രാത്രിയിൽ ചുറ്റിക്കറങ്ങാനാണ് പലപ്പോഴും താത്പര്യം കാണിക്കുക.

ശ്വാനവർഗത്തിൽപ്പെട്ട സസ്തനിയായ ഈ വന്യജീവിക്ക് രണ്ടു ജീനസുണ്ട്. ഇംഗ്ലീഷിൽ ജക്കാൾ എന്നു വിളിക്കുന്ന കുറുക്കൻ കാനിസ് ജീനസിൽപ്പെട്ടതാണ്. ഫോക്സ് എന്നു വിളിക്കുന്നത് വൾപസ് ജീനസിൽപ്പെട്ടതും. കുറുക്കന്റെ ശാസ്ത്രനാമം: കാനിസ് ഓറിയസ്. ഇവയെല്ലാം കാനിഡെ കുലത്തിൽപ്പെടുന്നു. മലമ്പ്രദേശങ്ങളിൽ എലി, പെരുച്ചാഴി എന്നിവയെ പിടിച്ചുതിന്നുന്നതുകൊണ്ട് കർഷകന്റെ സഹായികൂടിയത്രേ കുറുക്കൻ.

■

Deepanalam Weekly

RNI No : 16998/68
Vol. 57 No. 11 Date of Publication 16 May 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



# CHAITHANYA TRUST HOSPITAL & M.M.COLLEGE OF MEDICAL SCIENCE

KOZHA, KURAVILANGAD
KOTTAYAM - 686633
Ph: 9645090576
9745300576, 9745400576
Web: www.mmcollege.in
Email:cthmmc@gmail.com



പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റികളുടെ 3 വർഷ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

ദളിത് വിഭാഗത്തിൽ പെടുന്നവർക്ക് ഫീസിളവ്

1. Bachelor of Voc. in Medical Laboratory Technology ( B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 year
2. Bachelor of Voc. in Radiology and Medical Imaging Technology ( B.Voc RMIT )
   +2 pass (any group) 3 year
3. Bachelor of Voc. in Operation Theater Technology ( B.Voc OTT )
   +2 pass (any group) 3 year
4. Bachelor of Voc. in Dialysis Technology ( B.Voc DT )
   +2 pass (any group) 3 year



SSLC കഴിഞ്ഞവർക്ക് നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം. പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യവുമുണ്ട്. അവസാന സെമസ്റ്ററിൽ മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.

## സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ





NO.1
SINCE 2009
23

നിങ്ങളുടെ സ്വർണ്ണം വിൽക്കുമ്പോൾ ഏറ്റവും ഉയർന്ന വില നൽകുന്നു

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഏറ്റവും ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ തൂക്കത്തിൽ കുറവു വരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.

അച്ചായൻസ് ഗോൾഡ് 916

പാലാ

എറണാകുളം | ചങ്ങനാശ്ശേരി | കോട്ടയം | ഏറ്റുമാനൂർ | ഉഴവൂർ | ചിങ്ങവനം | സംക്രാന്തി
കടുവാക്കുളം | കരിങ്കുന്നം | ചേർത്തല | കടുത്തുരുത്തി | തൊടുപുഴ

+91 9072 388 172 | +91 9847 113 429

അച്ചായൻസ് ഗോൾഡിൽ പ്രവാസികൾക്കായി പ്രത്യേക ആനുകൂല്യങ്ങൾ



വിദേശ പഠനം, ജോലി എന്നിവയ്ക്കായി സ്വർണ്ണം വിൽക്കുമ്പോൾ ബ്രാൻഡഡ് ട്രോളി ബാഗ് സമ്മാനമായി നൽകുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org